# സീറോ മലബാർ സഭയുടെ

# കുർബാനക്രമം

ജനുവരി 1985

# സീറോ മലബാർ സഭയുടെ
# കുർബാനക്രമം

1968 ഓഗസ്റ്റ് 15 മുതൽ സീറോ–മലബാർ സഭയിൽ ഉപയോഗത്തിലിരിക്കുന്ന കുർബാനക്രമം കേവലം, പരീക്ഷണാർത്ഥം അനുവദിക്കപ്പെട്ടതായിരുന്നു.

1971–ൽ അതിന്റെ പരീക്ഷണ കാലഘട്ടം അവസാനിക്കേണ്ടതായിരുന്നെങ്കിലും സ്വീകാര്യമായ മറ്റൊരു തക്സായുടെ അഭാവംമൂലം അത് ഇന്നും തുടരുന്നു.

1981–ൽ പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ട തക്സായെപ്പറ്റിയുള്ള The observations on the Holy Mass of the Syro–Malabar Church 1981 എന്ന ശീർഷകത്തിലുള്ള പഠന റിപ്പോർട്ട് റോമിൽനിന്നും എല്ലാ സീറോ–മലബാർ മെത്രാന്മാർക്കും അയച്ചുകൊടുക്കുകയുണ്ടായി. ആദ്യ തക്സായിലെ ന്യൂനതകൾ ചൂണ്ടി കാണിക്കുന്നതോടൊപ്പം പുതിയക്രമം തയ്യാറാക്കുമ്പോൾ അവശ്യം ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങൾ വിശദമായി അതിൽ പ്രതിപാദിക്കുകയും ചെയ്തിരിക്കുന്നു. തക്സായ്ക്ക് ആകുന്നതും വേഗം രൂപം നൽകാൻ അതു നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്.

"The central liturgical committee can at once take cognizance of the dossier and promptly proceed in its turn to the integration with all due precision and completeness of our observations in to a definitive text." ഈ പ്രമാണരേഖയിലെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും അനുസരിച്ചു തയ്യാറാക്കപ്പെട്ട ഈ ടെക്സ്റ്റ് (കുർബാന ക്രമത്തിന്റെ) ഏവരുടെയും പഠനത്തിനായി സമർപ്പിച്ചുകൊള്ളുന്നു. ഇതു തയ്യാറാക്കുന്നതിനു വളരെയധികം സഹായിച്ച റവ. ഡോ. വർഗീസ് പാത്തികുളങ്ങരയോടും, റവ. ഡോ. ജോർജ്ജ് വാവാനികുന്നേലിനോടുമുള്ള അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ. സുറിയാനി മൂലവുമായി ഇതിനെ ഒത്തുനോക്കിയ സുറിയാനി ഭാഷാപണ്ഡിതനായ റവ. ഫാ. ഹെർടിസ്സസോയോടും ഇതിന്റെ കയ്യെഴുത്തുപ്രതി ക്ഷമാപൂർവ്വം വായിച്ച് ഭാഷാപരമായ തിരുത്തലുകൾ നിർദ്ദേശിച്ച പ്രൊഫ. ജോസഫ് അഞ്ചനാട്ട്, പ്രൊഫ. സ്ക്കറിയ സക്കറിയാ, പ്രൊഫ. തോമസ് കണയാംപ്ലാക്കൽ, അലക്സാണ്ടർ സാർ എന്നിവരോടുമുള്ള ഹൃദയംഗമമായ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

—ഡോ. തോമസ് മണ്ണൂരാൻപറമ്പിൽ

# സീറോ മലബാർ സഭയുടെ കുർബാനക്രമം

## പൊതു നിർദ്ദേശങ്ങൾ

a ദേവാലയം പടിഞ്ഞാട്ട് ദർശനമായിട്ടായിരിക്കണം. മറേറതെങ്കിലും ദിക്കിലേയ്ക്കാണ് ദർശനമെങ്കിൽ തന്നെ ബലിപീഠത്തിൻെറ വലതുവശം (ബലിപീഠത്തിനു് അഭിമുഖമായി നിൽക്കുന്ന കാർമ്മികൻെറ ഇടതുവശം) വടക്കു വശമായി പരിഗണിക്കണം.

b ദേവാലയത്തിനു് ഹൈക്കാലാ, കെസ്ത്രോമാ, മദ്ബഹാ എന്നു് മൂന്നു ഭാഗങ്ങളുണ്ട്. കെസ്ത്രോമാ ഹൈക്കാലയിൽ നിന്നു് ഒരു പടിയും മദ്ബഹാ കെസ്ത്രോമായിൽ നിന്നു് മൂന്നു പടിയും ഉയർന്നു സ്ഥിതി ചെയ്യുന്നു. മദ്ബഹായ്ക്കും കെസ്ത്രോമായ്ക്കും ഇടയ്ക്കു് വിരി ഉണ്ടായിരിക്കണം.

c) മദ്ബഹായുടെ കിഴക്കുവശത്താണ് ബലിപീഠം. ബലിപീഠത്തിൻെറ വലതുവശത്ത് സുവിശേഷഗ്രന്ഥം വയ്ക്കുന്നു. ബലിയർപ്പണത്തിനു് അത്യാവശ്യമായ വസ്തുക്കൾ മാത്രമേ അൾത്താരമേശയിൽ വയ്ക്കാവൂ.

d) മദ്ബഹായുടെ തെക്കുവശത്തുള്ള ബേസ്ഗസ്സായിലാണ് കാസാ ഒരുക്കുന്നതു്. വീഞ്ഞും വെള്ളവും അവിടെ സൂക്ഷിക്കുന്നു. വടക്കുവശത്തുള്ള ബേസ്ഗസ്സായിൽ അപ്പം ഒരുക്കുന്നു. കൈകഴുകാനുള്ള വെള്ളവും തുവാലയും ബേമായിലാണ് വയ്ക്കേണ്ടതു്.

1 ദൈവവചന ശുശ്രൂഷയ്ക്കായി ബലിപീഠത്തിൽ നിന്നു വ്യത്യസ്തമായ ഒരു പ്രത്യേകപീഠം – ബേമ – ആവശ്യമാണ് ഹൈക്കലായുടെ മദ്ധ്യത്തിൽ ഉണ്ടായിരിക്കേണ്ട ഉയർന്ന പീഠമാണ് ബേമാ. ഇന്നത്തെ സാഹചര്യത്തിൽ ഹൈക്കലായുടെ മുൻ വശത്തായി ഈ പീഠം സജ്ജമാക്കാവുന്നതാണ്.

2 കാർമ്മികൻ കൊത്തീനാ, സൂനാറാ, ഊറാറ, സന്ദേ, പൈന എന്നിവയും മ്ശംശാനാ, ഹെവുപ്പദ്യാക്കോനാ എന്നിവർ കൊത്തീനാ, സൂനാറാ, ഊറാറാ എന്നിവയും മററു ശുശ്രൂഷകർ കൊത്തീന, സൂനാറാ എന്നിവയും ധരിക്കുന്നു.

3) കർത്താവിൻെറ തിരുനാളുകൾക്കും രക്ഷാകരചരിത്രത്തോടു് ബന്ധപ്പെട്ട് വരുന്ന ഹുദറാ തിരുനാളുകൾക്കും 'മാറാനാ'യ തിരുനാളുകളെന്നും വിശുദ്ധരുടെ ഓർമ്മ സാധാരണ രീതിയിൽ കൊണ്ടാടുന്ന ദിവസങ്ങൾക്കു് 'ദുക്റാന'കൾ എന്നും ആഡംബരപൂർവ്വം ആചരിക്കപ്പെടുന്ന ദിവസങ്ങൾക്കു് ''ഏദേ'' അഥവാ തിരുനാളുകൾ (ഗസ്സാ) എന്നും പറയുന്നു. മററു ദിവസങ്ങൾ ''സാധാരണ ദിവസങ്ങൾ'' കശ്കോൻ എന്നു് അറിയപ്പെടുന്നു.

4) കാർമ്മികൻ തൻെറമേൽ കുരിശുവരയ്ക്കുമ്പോൾ വലതുകൈ ആദ്യം നെററിയിലും പിന്നീട നെഞ്ചിലും വയ്ക്കുകയും തുടർന്ന് വലത്തേ ഉരത്തിലേയ്ക്കും അവിടെനിന്ന് ഇടത്തേ ഉരത്തിലേയ്ക്കും കൊണ്ടുവരുകയും ചെയ്യുന്നു.

5) ഞായറാഴ്ചകളിലും തിരുനാളുകളിലുമെങ്കിലും പഴയനിയമ വായനകൾ കൂടി ഉണ്ടായിരിക്കുന്നത് നന്ന്.

6) വിശുദ്ധ കുർബാനയുടെ സമയത്ത് സമൂഹം നിൽക്കുന്നു.

7) ബലിപീഠം ചുംബിക്കുന്നു എന്നു കാണിച്ചിരിക്കുന്ന അവസരങ്ങളിൽ ബലിപീഠത്തോടുള്ള ബഹുമാനം പ്രകടിപ്പിക്കുന്നത് ബലിപീഠം ചുംബിച്ചോ, നെററി അതിൽ തൊടുവിച്ചുകൊണ്ടോ, ബലിപീഠത്തിൽ തൊട്ട കൈകൾ നെററിയിൽ വച്ചുകൊണ്ടോ ആകാവുന്നതാണ്

8) പരസ്പരം സമാധാനം നല്കുന്നത് കൊടുക്കുന്ന ആളിൻെറ കൂപ്പുകൈ സ്വീകരിക്കുന്ന ആളിൻെറ കൈപ്പത്തികൾക്കകത്ത് വച്ചുകൊണ്ടാണ്. കൂപ്പുകൈകളോടെ പരസ്പരം ശിരസു നമിച്ചുകൊണ്ടും ആകാം

9) കൈകൾ വിരിച്ചു പിടിച്ചു പ്രാർത്ഥിക്കുമ്പോൾ കാർമ്മികൻ കരങ്ങൾ ഇരുവശങ്ങളിലേയ്ക്കും നീട്ടി കൈപ്പത്തികൾ മുകളിലേയ്ക്കു വിരിച്ചുപിടിക്കുന്നു.

10) 'ഗ്ഹന്താ' പ്രാർത്ഥനകൾ ചൊല്ലേണ്ടതു കാർമ്മികൻ അല്പം കുനിഞ്ഞു്, കരങ്ങൾ രണ്ടും ഉയർത്താതെ നേരെ മുമ്പോട്ടു നീട്ടി, ഉള്ളം കൈകൾ പകുതി അടച്ചു പിടിച്ച് താഴ്ന്ന സ്വരത്തിൽ ആയിരിക്കണം.

11) ഒന്നിലധികം വൈദികർ ഒരുമിച്ചു ബലി അർപ്പിക്കുമ്പോൾ പ്രധാന കാർമ്മികൻ ഏവൻഗലിയോൻ എടുക്കാൻ മദ്ബഹായിൽ പ്രവേശിക്കുന്നില്ല. പകരം മറെറാരു വൈദികനാണ് ഏവൻഗലിയോൻ ബേമായിലേയ്ക്ക് ആഘോഷമായികൊണ്ടുവന്ന് നിശ്ചിത സ്ഥാനത്തു വയ്ക്കുന്നത്.

12 ബേസ്ഗസ്സാകളിലാണ് കാസയും പീലാസയും ഒരുക്കേണ്ടത്. മററു റീത്തുകളിൽപ്പെട്ട ദേവാലയങ്ങളിലാണ് ബലി അർപ്പിക്കുന്നതെങ്കിൽ യഥാസ്ഥാനം ക്രമീകരിച്ചിരിക്കുന്ന മേശകളിലേ അവ ഒരുക്കാവൂ. ഒരു കാരണവശാലും ബലിപീഠത്തിൽ അവ ഒരുക്കരുത്.

13 വിശുദ്ധ കുർബാന ആരംഭിക്കും മുമ്പു തന്നെ കാസയും പീലാസയും ഒരുക്കിവയ്ക്കാവുന്നതാണ്.

14) ഒന്നിലധികം വൈദികർ ഒരുമിച്ചു ബലി അർപ്പിക്കുമ്പോൾ "കാറോസൂസാ"യുടെ അവസരത്തിൽ കാസയും പീലാസയും ഒരുക്കാനോ "ഓനീസാദ്റാസ"യുടെ അവസരത്തിൽ അവ ബലിപീഠത്തിലേയ്ക്ക് മാററി സ്ഥാപിക്കുവാനോ പ്രധാന കാർമ്മികനല്ല, മറെറാരു വൈദികനാണ് മദ്ബഹയിൽ പ്രവേശിക്കേണ്ടത്. പ്രധാന കാർമ്മികൻ വിശ്വാസപ്രമാണം കഴിഞ്ഞ് ഔദ്യോഗികമായി മദ്ബഹയിൽ പ്രവേശിക്കുന്നുള്ളു.

15 ഒരു വൈദികൻ മാത്രമുള്ളപ്പോൾ താഴെപ്പറയുന്ന രണ്ടു ക്രമങ്ങളിൽ ഒന്നു സ്വീകരിക്കാവുന്നതാണ്.

a കാർമ്മികൻ 'കാറോസൂസാ'യുടെ സമയത്ത് മദ്ബഹയിൽ പ്രവേശിച്ച് കാസയും പീലാസയും ഒരുക്കിയ ശേഷം ബേമായിൽ തിരിച്ചു വന്ന് കാറോസൂസായുടെ സമാപന പ്രാർത്ഥനകളും മററും നടത്തുന്നു. ''ഓനീസാദ് റാസേ'' ആരംഭിക്കുമ്പോൾ വീണ്ടും മദ്ബഹയിൽ പ്രവേശിച്ച് കാസയും പീലാസയും ബലിപീഠത്തിലേയ്ക്ക് മാററി സ്ഥാപിക്കുന്നു. അനന്തരം മദ്ബഹയുടെ കവാടത്തിങ്കൽ വന്ന് വിശ്വാസപ്രമാണം ചൊല്ലിയിട്ട് ആഘോഷമായ മദ്ബഹാ പ്രവേശനം നടത്തുന്നു.

b ''ഓനീസാദ്റാസേ'' യുടെ സമയത്ത് മദ്ബഹയിൽ പ്രവേശിച്ച് കാസയും പീലാസയും ഒരുക്കി ബലിപീഠത്തിലേയ്ക്ക് മാററി സ്ഥാപിക്കുന്നു. അനന്തരം മദ്ബഹായുടെ കവാടത്തിങ്കൽ വന്ന് വിശ്വാസപ്രമാണം ചൊല്ലിയിട്ട് ആഘോഷമായ മദ്ബഹാ പ്രവേശനം നടത്തുന്നു.

16) വിശുദ്ധ കുർബാനയിലെ നിർദ്ദിഷ്ട കാറോസൂസാ പ്രാർത്ഥനകൾ ഒരു കാരണവശാലും ഉപേക്ഷിക്കാവുന്നവയല്ല. പ്രത്യേക നിയോഗങ്ങളുള്ളപ്പോൾ അവ കാറോസൂസാ പ്രാർത്ഥനയുടെ മാതൃകയിൽ എഴുതി കുർബാനയ്ക്കു മുമ്പ് കാർമ്മികനെ ഏല്പിച്ചിരിക്കണം. മ്ശംശാന തന്നെയാണ് പൊതുവായ കാറോസൂസാ പ്രാർത്ഥനയുടെ അവസാനത്തിൽ അവ കൂട്ടിച്ചേർക്കുന്നത്.

മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും വേണ്ടിയുള്ള സമൂഹത്തിന്റെ പ്രത്യേക നിയോഗങ്ങൾ diptychs - ൽ അതായത് എല്ലാ ''പാത്രിയർക്കാമാരും ...............'' എന്നു തുടങ്ങുന്ന പ്രാർത്ഥനയ്ക്കു മുമ്പാണ് ചേർക്കേണ്ടത്.

17 സമൂഹം ഇല്ലാത്തപ്പോൾ സമൂഹത്തിന്റെ പ്രാർത്ഥനകൾ ശുശ്രൂഷകൻ ചൊല്ലണം.

സാധാരണ കുർബാനയിൽ (എ) ''സകലത്തിന്റെയും നാഥാ .......'' '' ത്രൈശുദ്ധകീർത്തനം'' ഇവ വിശ്വാസികളാരംഭിക്കണം. തുടർന്ന് കാർമ്മികനും സമൂഹവും മാറിമാറി ചൊല്ലുന്നു. (ബി) ''ഓനീസാദ് റാസേ'' വൈദികൻ ആരംഭിക്കുന്നു. തുടർന്ന് വൈദികനും സമൂഹവും മാറി മാറി ചൊല്ലുന്നു. കാർമ്മികന്റെ പ്രാർത്ഥനായാചനയ്ക്കു പ്രത്യുത്തരമായ ''മിശിഹാ അങ്ങയുടെ പ്രാർത്ഥനകൾ ശ്രവിക്കട്ടെ എന്ന പ്രാർത്ഥന സമൂഹം ചൊല്ലുന്നു.

19) തക്സായിൽ കൊടുത്തിട്ടുള്ളതിനു പുറമെ ഔദ്യോഗികമായി അംഗീകരിക്കപ്പെടാത്ത ഒരു പ്രാർത്ഥനയും വിശുദ്ധ കുർബാനയിൽ ഉപയോഗിക്കാൻ പാടില്ല. ഇവിടെ ഒരു കാരണവശാലും സ്വയം പ്രേരിത പ്രാർത്ഥന അനുവദനീയമല്ല.

20) വിശ്വാസികളുടെ 'കാഴ്ചവയ്പു പ്രദക്ഷിണം' നമ്മുടെ കുർബാന ക്രമത്തിലില്ല. അപ്പവും വീഞ്ഞും തക്സായിൽ കൊടുത്തിട്ടുള്ളതുപോലെ വൈദികനൊ, മ്ശംശാനായോ ആണ് ബലിപീഠത്തിലേയ്ക്ക് കൊണ്ടു വരുന്നത്.

21) ഞായറാഴ്ചയുള്ള തിരുനാളുകളിലും മററ് ആഘോഷാവസരങ്ങളിലും Diptychs ഉണ്ടായിരിക്കണം.

22) ഞായറാഴ്ചകളിലും തിരുനാളുകളിലും മററ് ആഘോഷാവസരങ്ങളിലു മെങ്കിലും മദ്ബഹാ വിരിയുടെ ഉപയോഗക്രമം തക്സായിൽ പറഞ്ഞിരിക്കുന്നതു പോലെ പാലിക്കേണ്ടതാണ്.

23) സധാരണ ദിവസങ്ങളിൽ മർമ്മീസയിലെ ഏതെങ്കിലും ഒരു സങ്കീർത്തനം ചൊല്ലിയാൽ മതിയാകും.

24) ശുശ്രൂഷകനില്ലാത്തപ്പോൾ മാത്രം ധൂപാർപ്പണവും അതോടു ചേർന്നുള്ള പ്രാർത്ഥനകളും ഉപേക്ഷിക്കുന്നു.

25) മദ്ബഹായിലുള്ളവരും ഗായകസംഘവും മാറിമാറി പാടുന്ന അവസര ങ്ങളിൽ സമൂഹവും ഗായക സംഘത്തോടു ചേർന്ന് പാടുന്നു. ഗായക സംഘം ഇല്ലാ ത്തപ്പോൾ സമൂഹവും ഗായകസംഘവും മാറിമാറിപാടേണ്ട ഭാഗങ്ങൾ സമൂഹം രണ്ടു ഗണമായി പാടുന്നു.

26) വി. കുർബാനയിൽ പാടുന്ന ഗീതങ്ങളുടെ ഉള്ളടക്കം അതതവസരങ്ങളിലെ പ്രാർത്ഥനകളുടെതുതന്നെയായിരിക്കണം.

27) Diptychs ന്റെ സമാപന പ്രാർത്ഥനയ്ക്കു മുൻമ്പായി ഡീക്കനു പകരം കാർ മ്മികനു തന്നെ പ്രത്യേക നിയോഗങ്ങൾ അറിയിക്കാവുന്നതാണ്.

28) ഒന്നിലധികം വൈദികർ ചേർന്നു ബലി അർപ്പിക്കുമ്പോൾ കാഴ്ചവസ്തുക്ക ളൊരുക്കാൻ പോകുന്ന വൈദികനും സഹായികളും ഒരുക്കികഴിഞ്ഞ് ബേമായി ലേയ്ക്കു് പോരാതെ അവിടെ തന്നെ നിൽക്കുകയും സമയമാകുമ്പോൾ തക്സായിൽ നിർദ്ദേശിച്ചിരിക്കുന്ന ക്രമ പ്രകാരം കാഴ്ചവസ്തുക്കൾ ബലിപീഠത്തിലേയ്ക്കു മാററി സ്ഥാപിക്കുകയും ചെയ്യുന്നു.

# സീറോ മലബാർ സഭയുടെ
# കുർബാനക്രമം

(കാർമ്മികൻ കൈകൾ കഴുകി നിർദ്ദിഷ്ട തിരുവസ്ത്രങ്ങൾ അണിയുന്നു. ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങൾ അണിഞ്ഞ ശുശ്രൂഷികളോടുകൂടി ''ബേമ്മാ''യിൽ വന്ന് കിഴക്കോട്ടു തിരിഞ്ഞുനിന്ന് സമൂഹവും ചേർന്ന് കുനിഞ്ഞ് ആചാരം ചെയ്യുന്നു.)

കാർമ്മികൻ: (പാടുന്നു.) പുഖ്ദാനകോൻ

സമൂഹം: പുക്ദാനേ ദമ്ശിഹാ

കാ: അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം (3)

സ: ആമ്മേൻ (3)

കാ: ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും നല്ല ശരണവും എപ്പോഴും എന്നേക്കും. ആമ്മേൻ.

സ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണം. അങ്ങയുടെ രാജ്യം വരണം. അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ സ്തുതിയുടെ മഹത്ത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ അങ്ങയുടെ നാമം പൂജിതമാകണം. അങ്ങയുടെ രാജ്യം വരണം അങ്ങയുടെ തിരുവിഷ്ടം സ്വർഗ്ഗത്തിലെന്നതുപോലെ ഭൂമിയിലുമാകണം. ഞങ്ങൾക്കു് ആവശ്യമായ അപ്പം ഇന്നു ഞങ്ങൾക്ക് നല്കണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടനിൽ നിന്നു ഞങ്ങളെ രക്ഷിച്ചു കൊള്ളണമേ. എന്തെന്നാൽ, രാജ്യവും, ശക്തിയും, മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

കാ: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സ: ആദിമുതൽ എന്നേക്കും ആമ്മേൻ.

തുടന്ന്: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണം. അങ്ങയുടെ രാജ്യം വരണം. അങ്ങ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ സ്തുതിയുടെ മഹത്ത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

മ്ശം: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാ: (ഞായറാഴ്ചകളിലും തിരുനാളുകളിലും) ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഞങ്ങളുടെ വംശത്തിൻെറ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി അങ്ങയുടെ പ്രിയപുത്രൻ കാരുണ്യപൂർവ്വം നല്കിയ വിശുദ്ധ രഹസ്യങ്ങളുടെ പരികർമ്മത്തിനു് ബലഹീനരായ ഞങ്ങളെ ദയാപൂർവ്വം ശക്തരാക്കണമേ. സകലത്തിൻെറയും നാഥാ, എന്നേയ്ക്കും.

(മാറാനായത്തിരുനാളുകളിൽ) ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ നാമത്തിൽ ഞങ്ങൾ യഥാർത്ഥമായി വിശ്വസിക്കയും സത്യവിശ്വാസം ആത്മാർത്ഥതയോടെ ഏററുപറയുകയും ചെയ്യുന്നു. ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന പരിഹാര രഹസ്യങ്ങൾ പരിശുദ്ധമായി പരികർമ്മം ചെയ്യുവാനും നിർമ്മലഹൃദയത്തോടും വിശുദ്ധ വിചാരങ്ങളോടും കൂടെ ശ്രദ്ധാപൂർവ്വം അങ്ങേയ്ക്കു് പുരോഹിത ശുശ്രൂഷ ചെയ്യുവാനും, അങ്ങയുടെ കാരുണ്യാതിരേകത്താൽ അങ്ങു ഞങ്ങൾക്കു പ്രദാനം ചെയ്ത രക്ഷയെപ്രതി നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായവനേ, സകലത്തിൻെറയും നാഥാ, എന്നേയ്ക്കും.

(സാധാരണ ദിവസങ്ങളിൽ) പിതാവും, പുത്രനും പരിശുദ്ധാത്മാവുമായ മഹത്വമേറിയ ത്രിത്വത്തിൻെറ ആരാധ്യവും മഹനീയവുമായ നാമത്തിനു് സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിയും സ്തോത്രവും പുകഴ്ചയും ബഹുമാനവും കൃതജ്ഞതയും ആരാധനയും എപ്പോഴും ഉണ്ടായിരിക്കട്ടെ. സകലത്തിൻെറയും നാഥാ, എന്നേയ്ക്കും.

സ: ആമ്മേൻ.

(പുരോഹിതൻ മർമ്മീസാ ആരംഭിക്കുന്നു.)

കാ: (സങ്കീർത്തനം. 15) കർത്താവേ അങ്ങയുടെ കൂടാരത്തിൽ ആരുവസിക്കും? അങ്ങയുടെ വിശുദ്ധഗിരിയിൽ ആരു വിശ്രമിക്കും. ?

സ: ഞങ്ങളുടെ കർത്താവേ, അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ വിചാരശുദ്ധിയോടെ എന്നെ നിറുത്തണമേ. കർത്താവേ അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും ? അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വിശ്രമിക്കും. ? നിഷ്കളങ്കനായി വ്യാപരിക്കുന്നവനും, നീതി പ്രവർത്തിക്കുന്നവനും ഹൃദയത്തിൽ സത്യമുള്ളവനും നാവുകൊണ്ടു വഞ്ചിക്കാത്തവനും

കാ: കൂട്ടുകാരനോടു തിന്മചെയ്യാത്തവനും അയൽക്കാരനു് എതിരെ കൈക്കൂലി വാങ്ങാത്തവനും

സ: ദുഷ്ടന്മാരെ ശാസിക്കുന്നവനും, കർത്താവിനെ ഭയപ്പെടുന്നവരെ ബഹുമാനിക്കുന്നവനും.

കാ: കൂട്ടുകാരനോടു ചെയ്ത സത്യപ്രതിജ്ഞ ലംഘിക്കാത്തവനും പണം പലിശയ്ക്കു കൊടുക്കാത്തവനും

സ: നിർദ്ദോഷിക്കെതിരെ കൈക്കൂലി വാങ്ങാത്തവനും; ഇവ പ്രവർത്തിക്കുന്നവൻ നീതിമാനാകും. ഇവനു് ഒരിക്കലും ഇളക്കം തട്ടുകയില്ല.

കാ: (സങ്കീർത്തനം 150) കർത്താവിനെ തന്റെ വിശുദ്ധ സ്ഥലത്തു നിങ്ങൾ സ്തുതിക്കുവിൻ. തന്റെ ശക്തിയുടെ ആകാശമണ്ഡലത്തിൽ അവനെ സ്തുതിക്കുവിൻ.

സ: അവന്റെ മഹാപ്രവൃത്തികളെച്ചൊല്ലി അവനെ അവന്റെ മഹിമാതിരേകത്തിനു ചേർന്നവിധം അവനെ സ്തുതിക്കുവിൻ.

കാ: കാഹളനാദത്തോടെ അവനെ സ്തുതിക്കുവിൻ. വീണയും കിന്നരവും മീട്ടി അവനെ സ്തുതിക്കുവിൻ.

സ: തപ്പുകൾകൊണ്ടും മദ്ദളങ്ങൾകൊണ്ടും അവനെ സ്തുതിക്കുവിൻ. ഇമ്പമുള്ള തന്ത്രികളാൽ അവനെ സ്തുതിക്കുവിൻ.

കാ: ശ്രുതിമധുരമായ കൈത്താളങ്ങളാൽ അവനെ സ്തുതിക്കുവിൻ. ആർപ്പാദാരവത്താലും ആർപ്പുവിളിയാലും അവനെ സ്തുതിക്കുവിൻ.
ഓരോ ശ്വാസത്തിലും നമുക്കു് കർത്താവിനെ സ്തുതിക്കാം.
(സങ്കീ. 116) സർവ ജനതകളേ, കർത്താവിനെ സ്തുതിക്കുവിൻ. സർവ ജനങ്ങളേ അവനെ സ്തുതിക്കുവിൻ.

എന്തെന്നാൽ അവന്റെ കാരുണ്യം നമ്മുടെമേൽ ശക്തിപ്പെട്ടിരിക്കുന്നു. സത്യമായും അവൻ എന്നേയ്ക്കും കർത്താവാകുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമേൻ.

ഞങ്ങളുടെ കർത്താവേ നിന്റെ ബലിപീഠത്തിനു മുമ്പാകെ വിചാരശുദ്ധിയോടെ എന്നെ നിർത്തണമേ.

കർത്താവേ, നിന്റെ കൂടാരത്തിൽ ആരു വസിക്കും. നിന്റെ വിശുദ്ധ ഗിരിയിൽ ആരു വിശ്രമിക്കും.

കാ: എല്ലാററിനെയും വിശുദ്ധീകരിക്കുന്ന ദൈവമെ, അങ്ങയുടെ ബലിപീഠം എത്ര മഹനീയവും അലംകൃതവുമാകുന്നു.

(റാസയിൽ കൂട്ടിചേർക്കുന്നു. മർമ്മീസ അവസാനിക്കുമ്പോൾ മ്ശംശാനാമാരിൽ ഒന്നാമൻ'' നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ'' എന്നു ചൊല്ലുന്നു. തുടർന്നു കാർമ്മികൻ ഓനിസ ദ്കൽകേയുടെ സ്ലോസ പാടുന്നു.)

(ഞായറാഴ്ചകളിലും തിരുനാളുകളിലും) എന്റെ കർത്താവേ, മഹത്വപൂർണ്ണനായ അങ്ങയുടെ സ്തുത്യർഹമായ സിംഹാസനത്തിന്റെയും അങ്ങയുടെ മഹോന്നതവും ബഹുമാന്യവുമായ ഇരിപ്പിടത്തിന്റെയും അങ്ങയുടെ തീവ്രസ്നേഹത്തിന്റെ ഭീതിജനകമായ പീഠത്തിന്റെയും ദൈവികശക്തിയാൽ അങ്ങു സ്ഥാപിച്ച പാപവിമോചക മദ്ബഹായുടെയും അങ്ങയുടെ മഹത്വം അധിവസിക്കുന്ന സ്ഥലത്തിന്റെയും മുമ്പാകെ അങ്ങയുടെ ജനവും അങ്ങയുടെ മേച്ചിൽസ്ഥലത്തിലെ അജഗണവുമായ ഞങ്ങൾ, അങ്ങേയ്ക്കു് സ്തുതിപാടുന്ന ക്രോവേന്മാരുടെ

ആയിരങ്ങളോടും അങ്ങയെ പരിശുദ്ധൻ എന്നു പ്രകീർത്തിക്കുന്ന സ്രാപ്പേന്മാരുടെയും മുഖ്യദൂതന്മാരുടെയും പതിനായിരങ്ങളോടുംകൂടെ നിരന്തരം അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായവനേ, സകലത്തിൻെറയും നാഥാ, എന്നേയ്ക്കും.

സ: ആമ്മേൻ

(മാറാനായ തിരുനാളുകളിൽ) മഹോന്നതനായ അങ്ങയുടെ ഭീതിജനകമായ പീഠത്തിൻെറയും, ദൈവമായ അങ്ങയുടെ ഉന്നതമായ ത്രോണോസിൻെറയും അങ്ങയുടെ അലംകൃതവും, ബഹുമാന്യവുമായ ഇരിപ്പിടത്തിൻെറയും, നാഥനായ അങ്ങയുടെ സ്തുത്യർഹമായ സിംഹാസനത്തിൻെറയും മുമ്പാകെ, അങ്ങയുടെ ശുശ്രൂഷകരായ ക്രോവേൻമാർ ഇടവിടാതെ സ്തുതി പാടുകയും അങ്ങയെ പ്രകീർത്തിക്കുന്ന സ്രാപ്പേന്മാർ സദാ പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കയും ചെയ്യുന്നു. ഞങ്ങളും അങ്ങയെ ഭയത്തോടെ വന്ദിക്കുകയും വിറയലോടെ ആരാധിക്കയും ചെയ്യുന്നു; നിരന്തരം അങ്ങേയ്ക്കു സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായവനേ, സകലത്തിൻേറയും നാഥാ, എന്നേയ്ക്കും.

സ: ആമ്മേൻ

(ദ്ക്റാന തിരുനാളുകളിൽ) സ്തുത്യർഹമായ അങ്ങയുടെ ത്രിത്വത്തിൻെറ ഭീതിജനകവും പരിശുദ്ധവും വാഴ്ത്തപ്പെട്ടതും ധന്യവും അഗ്രാഹ്യവുമായ നാമത്തേയും ഞങ്ങളുടെ വംശത്തോടുള്ള അങ്ങയുടെ കൃപയേയും നിരന്തരം സ്തുതിക്കുവാനും ആരാധിക്കുവാനും പുകഴ്ത്തുവാനും ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായവനേ, സകലത്തിൻെറയും നാഥാ, എന്നേയ്ക്കും.

സ: ആമ്മേൻ.

(~~തുടർന്ന്~~ അതതു ദിവസത്തിൻെറ ഓനീസാദ്കൻകേ പാടുന്നു.)

(മ്ശംശാനമാർ ധൂപകലശവും കുന്തുരുക്കവും കൊണ്ടുവരുന്നു. കാർമ്മികൻ കുന്തുരുക്കം മൂന്നു പ്രാവശ്യമായി ധൂപകലശത്തിലിട്ട് താഴെ വരുന്ന പ്രാർത്ഥന താഴ്ന്ന സ്വരത്തിൽ ചൊല്ലി ആശീർവ്വദിക്കുന്നു.)

കാ: അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹനീയ ത്രിത്വത്തിൻെറ നാമത്തിൽ ആശീർവ്വദിക്കപ്പെടട്ടെ. ഇതു് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിൻെറ പാപമോചനത്തിനും കാരണമാകട്ടെ, എന്നേയ്ക്കും ആമ്മേൻ.

മ്ശം: സമാധാനം നമ്മോടുകൂടെ.

കാ: (ഞായറാഴ്ചകളിലും തിരുനാളുകളിലും) ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ, അങ്ങയുടെ സ്നേഹമാധുര്യത്തിൻെറ ഹൃദ്യമായ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിൻെറ ജ്ഞാനത്താൽ ഞങ്ങളുടെ ആത്മാക്കൾ പ്രകാശിക്കുകയും ചെയ്യുമ്പോൾ സ്വർഗ്ഗത്തിൽ നിന്നുള്ള അങ്ങയുടെ പ്രിയപുത്രൻെറ പ്രത്യക്ഷീകരണത്തെ സ്വീകരിക്കാനും അവിടെ അങ്ങയെ സ്തുതിക്കാനും സകല സഹായങ്ങളും സൗഭാഗ്യങ്ങളും നിറഞ്ഞു് മുടിയണിയിക്കപ്പെട്ട സഭയിൽ

നിരന്തരം അങ്ങയെ മഹത്വപ്പെടുത്താനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തെന്നാൽ അങ്ങ് സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു, എന്നേയ്ക്കും.

സ: ആമ്മേൻ.

കാ: (ദുക്റാനകളിലും സാധാരണ ദിവസങ്ങളിലും) അങ്ങു ഞങ്ങൾക്കു നൽകിയിട്ടുള്ളതും, എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കാൻ കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും സഹായങ്ങളും നിറഞ്ഞു് മുടിയണിയിക്കപ്പെട്ട സഭയിൽ അങ്ങയെ ഞങ്ങൾ സ്തുതിക്കുകയും നിരന്തരം മഹത്വപ്പെടുത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അങ്ങ് സകലത്തിന്റേയും നാഥനും സ്രഷ്ടാവുമാകുന്നു എന്നേയ്ക്കും.

സ: ആമ്മേൻ.

(താഴെ വരുന്ന 'സകലത്തിന്റെയും നാഥാ' എന്ന ഗീതം ആരംഭിക്കുമ്പോൾ മദ്ബഹായുടെ വിരിതുറക്കുന്നു. മ്ശംശാന മദ്ബഹായിൽ പ്രവേശിച്ച് മദ്ബഹായുടെ തെക്കുവശത്തുനിന്ന് ആരംഭിച്ച് മദ്ബഹാ ചുററി ധൂപിക്കുന്നു. മദ്ബഹായുടെ കവാടത്തിങ്കൽ എത്തുമ്പോൾ സമൂഹത്തേയും ധൂപിക്കുന്നു.)

ഗായകസംഘം: സകലത്തിന്റെയും നാഥാ !
ഞങ്ങൾ നിന്നെ വണങ്ങുന്നു.
ഈശോമിശിഹാ ഞങ്ങളിതാ
നിന്നെ നമിച്ചു പുകഴ്ത്തുന്നു
നീയാണല്ലോ ഞങ്ങൾ തൻ
ദേഹങ്ങൾക്കുയിരേകുന്നോൻ
നീതാനല്ലോ ഞങ്ങൾ തൻ
ദേഹികൾ തൻ തിരുരക്ഷകനും.

(അല്ലെങ്കിൽ)

സകലത്തിന്റേയും നാഥാ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഈശോമിശിഹായേ ഞങ്ങൾ അങ്ങയെ പുകഴ്ത്തുന്നു. എന്തെന്നാൽ അങ്ങു ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

സ: (ഞായറാഴ്ചകളിലും തിരുനാളുകളിലും) കർത്താവിനെ സ്തുതിക്കുന്നത് ഉത്തമമാകുന്നു. അത്യുന്നതാ, അങ്ങയുടെ നാമം പ്രകീർത്തിക്കുന്നതും.

സകലത്തിന്റേയും നാഥാ...........

........................................

(സാധാരണ ദിവസങ്ങളിൽ) കർത്താവേ, ഞാൻ കൈകൾ കഴുകി നിർമ്മലമാക്കുകയും നിന്റെ ബലിപീഠത്തിനു പ്രദക്ഷിണം വയ്ക്കുകയും ചെയ്യുന്നു.

സകലത്തിന്റേയും നാഥാ........

. . . . . . . . . . . . . . . . .

ഗായകസംഘം. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

സകലത്തിൻേറയും നാഥാ . . . . .

. . . . . . . . . . . . .

മ്ശം: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

കാ: എൻെറ കർത്താവേ അങ്ങു സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ഞങ്ങളുടെ ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. എൻെറ കർത്താവേ സദാ അങ്ങയെ സ്തുതിക്കുവാനും ആരാധിക്കുവാനും പുകഴ്ത്തുവാനും ഞങ്ങൾ കടപ്പെട്ടവരാകുന്നു. സകലത്തിൻെറയും നാഥാ, എന്നേയ്ക്കും.

സ: ആമ്മേൻ.

മ്ശം: ദൈവത്തിൻെറ ജനമേ, നിങ്ങളെല്ലാവരും സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കുവിൻ.

ഗായകസംഘം. ദൈവമേ നീ പരിശുദ്ധൻ
ബലവാനേ നീ പരിശുദ്ധൻ
അമർത്യനേ നീ പരിശുദ്ധൻ
നിൻ കൃപ ഞങ്ങൾക്കേകണമേ.

(അല്ലെങ്കിൽ)

പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

മ്ശം: ദൈവമേ നീ പരിശുദ്ധൻ

. . . . . . . . . . . . . . . . .

. . . . . . . . . . . . . . . . .

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

ദൈവമേ നീ പരിശുദ്ധൻ

. . . . . . . . . . .

. . . . . . . . . . . .

മ്ശം: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

കാ: വിശുദ്ധരിൽ വസിക്കുകയും അവരിൽ സംപ്രീതനാവുകയും ചെയ്യുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ എൻെറ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമെന്നു ഞങ്ങളപേക്ഷിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായവനേ, സകലത്തിൻെറയും നാഥാ, എന്നേയ്ക്കും.

സ: ആമ്മേൻ.

(കെറിയാന ദിവസത്തിൻേറത്)

(ഒന്നാം വായനക്കാരൻ കെറിയാനാപുസ്തകമെടുത്ത് കാർമ്മികൻെറ വലതുവശത്തുവന്ന് കരം ചുംബിച്ച്, ആ വശത്തുതന്നെ ജനങ്ങളുടെ നേരെ തിരിഞ്ഞു നിന്നു ചൊല്ലുന്നു. )

നിങ്ങൾ ഇരുന്ന് ശ്രദ്ധാപൂർവ്വം കേൾക്കുവിൻ (പേര്). പുസ്തകത്തിൽ നിന്നുള്ള വായന.

(കാർമ്മികൻെറ നേർക്കു തിരിഞ്ഞു്, തല കുനിച്ച്)

കർത്താവേ ആശീർവ്വദിക്കണമേ.

കാ: (താഴെ വരുന്ന പ്രാർത്ഥന ചൊല്ലി ആശീർവ്വദിക്കുന്നു.)

തൻെറ പ്രബോധനത്താൽ നമ്മെ വിജ്ഞാനികളാക്കിയ സകലത്തിൻേറയും നാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. നിന്നിലും നിന്നെ കേൾക്കുന്നവരിലും അവൻെറ കൃപ നിരന്തരം. വർഷിക്കപ്പെടട്ടെ. † എന്നേയ്ക്കും.

(തുടന്ന് ഒന്നാം വായന)

(ഒന്നാം വായന കഴിയുമ്പോൾ രണ്ടാം വായനക്കാരൻ ക്രമപ്രകാരം കാർമ്മികൻെറ കരം ചുംബിച്ച് ഒന്നാം വായന നടത്തിയ സ്ഥലത്തു തന്നെ ജനങ്ങളുടെ നേർക്കു തിരിഞ്ഞുനിന്ന് ചൊല്ലുന്നു.)

നിങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുവിൻ. (പേര്) പുസ്തകത്തിൽ നിന്നുള്ള വായന.

(കാർമ്മികൻെറ നേരെ തിരിഞ്ഞ്) കത്താവേ ആശീർവ്വദിക്കണമേ.

കാ: (ഇരുന്നുകൊണ്ടു തന്നെ പ്രാത്ഥന ഒന്നും ചൊല്ലാതെ ആശീർവ്വദിക്കുന്നു )

(തുടർന്ന് രണ്ടാം വായന)

(വായന കഴിയുമ്പോൾ മ്ശംശാന ഉദ്ഘോഷിക്കുന്നു.)

നിങ്ങൾ പ്രാത്ഥനയ്ക്കായി എഴുന്നേൽക്കുവിൻ.

(ദിവസത്തിൻെറ ശുറായ ഉയന്ന സ്വരത്തിൽ പാടുന്നു. ആദ്യപാദം വൈദികനും തുടന്നുള്ള പാദങ്ങൾ ഗായക സംഘവും പാടുന്നു.)

(വലിയ തിരുനാളുകളിൽ കൂട്ടിചേർക്കുന്നു.)

ആധ്യാത്മിക ഗീതങ്ങളാൽ അവിടുത്തെ ജനനത്തെ (മാമ്മോദീസായെ, ഉയിപ്പിനെ, ദൈവമാതാവിൻെറ സ്വർഗ്ഗാരോപണത്തെ ......) പ്രകീർത്തിക്കാം. ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

കാ: ഹല്ലേലൂയ്യാ (3)

മ്ശം: നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാ: (ഞായറാഴ്ചകളിലും, തിരുനാളുകളിലും) ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, അങ്ങയുടെ ജീവദായകവും, ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കേണമേ. അവയിൽനിന്ന് ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹത്തിൻെറയും ശരണത്തിൻെറയും രക്ഷയുടെയും ഫലം ഞങ്ങൾ പ്രാപിക്കുന്നതിനും അങ്ങേയ്ക്ക് നിരന്തരം സ്തുതി പാടുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായവനേ, സകലത്തിൻെറയും നാഥാ എന്നേയ്ക്കും.

സ: ആമ്മേൻ.

കാ: (സാധാരണ ദിവസങ്ങളിലും, ദുക്റാനകളിലും, വലിയ നോമ്പിലെ ഞായറാഴ്ച ഒഴിച്ചുള്ള ദിവസങ്ങളിലും)

സർവജ്ഞനായ ഭരണകർത്താവും, തൻെറ ഭവനത്തിൽ വസിക്കുന്നവരുടെ വിസ്മയനീയനായ പരിപാലകനും സകല സഹായങ്ങളും സൗഭാഗ്യങ്ങളും കാരുണ്യപൂർവ്വം ചൊരിയുന്ന വലിയ ഭണ്ഡാഗാരവുമായ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. എൻെറ കർത്താവേ അങ്ങയുടെ സ്വഭാവത്തിനൊത്ത വിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സകലത്തിൻെറയും നാഥാ, എന്നേയ്ക്കും.

സ: ആമ്മേൻ.

(റാസയിൽ, രണ്ടു മ്ശംശാനാമാർ എംഗത്താക്ക് മുമ്പുള്ള തുർഗ്ഗാമ പാടുന്നു. മ്ശംശാന എംഗത്താ പുസ്തകം എടുത്തുകൊണ്ടു കാർമ്മികൻെറ ഇടതു വശത്തു വന്നു് അദ്ദേഹത്തിൻെറ വലതുകരം ചുംബിച്ചശേഷം ആ വശത്തു തന്നെ ജനങ്ങളുടെ നേരെ തിരിഞ്ഞുനില്ക്കുന്നു. ശുശ്രൂഷകരിൽ ഒരാൾ കത്തിച്ച തിരിയുമായി അദ്ദേഹത്തിൻെറ സമീപം നില്ക്കുന്നു. മ്ശംശാന അറിയിക്കുന്നു.)

നിങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുവിൻ. എൻെറ സഹോദരരേ പൗലോസ് ശ്ലീഹാ (ഇന്നാർക്കു്) എഴുതിയ ലേഖനം.

(കാർമ്മികൻെറ നേരെ തിരിഞ്ഞ് തലകുനിച്ചു്,)
കർത്താവേ ആശീർവ്വദിക്കണമേ.

കാ: മ്ശംശാനയുടെ നേരെ അല്പം തിരിഞ്ഞ് താഴ്ന്ന സ്വരത്തിൽ ചൊല്ലിക്കൊണ്ടു് ആശീർവ്വദിക്കുന്നു.

മിശിഹാ തൻെറ വിശുദ്ധമായ പ്രബോധനത്താൽ നിന്നെ ജ്ഞാനിയാക്കട്ടെ; നിൻെറ അധരങ്ങളിൽനിന്നു് പുറപ്പെടുന്ന പ്രബോധന വചനം ശ്രവിക്കുന്ന എല്ലാവർക്കും തൻെറ കൃപാതിരേകത്താൽ നിന്നെ നിർമ്മല ദർപ്പണമാക്കുകയും ചെയ്യട്ടെ † ആമ്മേൻ.

(തുടർന്നു ലേഖനം വായിക്കുന്നു. വായന അവസാനിക്കുമ്പോൾ)

സ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(അനന്തരം മ്ശംശാന ഉയർന്ന സ്വരത്തിൽ ''ഹല്ലേലുയ്യ'' മൂന്നു പ്രാവശ്യം ചൊല്ലുന്നു. തുടർന്നു ഗായക സംഘം ദിവസത്തിൻെറ സുമ്മാറാ മാറിമാറി പാടുന്നു. തത്സമയം കാർമ്മികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ടു് താഴ്ന്ന സ്വരത്തിൽ ചൊല്ലിക്കൊണ്ടു് ആശീർവ്വദിക്കുന്നു.)

എൻെറ കർത്താവേ പാപിനിയായ മറിയം അങ്ങയുടെ ശിരസ്സിൽ സുഗന്ധതൈലം ചൊരിഞ്ഞപ്പോൾ, അങ്ങിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം അങ്ങയുടെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഞങ്ങൾ അർപ്പിക്കുന്ന ഈ ധൂപത്തോടുകൂടി കലരുമാറാകട്ടെ. സകലത്തിൻെറയും നാഥാ † എന്നേയ്ക്കും.

(അനന്തരം കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.)

പിതാവിൻെറ മഹത്വത്തിൻെറ തേജസ്സും അവിടുത്തെ ആളത്വത്തിൻെറ പ്രതിച്ഛായയുമായ അങ്ങു് ഞങ്ങളുടെ മനുഷ്യശരീരത്തിൽ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ തൻെറ സുവിശേഷത്തിൻെറ വെളിച്ചത്താൽ

പ്രകാശിപ്പിക്കുകയും ചെയ്യു. അങ്ങയെ ഞങ്ങൾ എപ്പോഴും സ്തുതിക്കുകയും ആരാധിക്കുകയും, മഹത്വപ്പെടുത്തുകയും ചെയ്യുന്നു. സകലത്തിൻെറയും നാഥാ എന്നേയ്ക്കും ആമ്മേൻ.

(റാസയിൽ, മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നാരംഭിക്കുന്ന ഗീതവും പ്രാർത്ഥനകളും കൂട്ടിച്ചേർക്കുന്നു. തുടർന്ന് തുർഗ്ഗാമ്മയും പാടുന്നു. പുരോഹിതൻ ബലിപീഠത്തിൻെറ വലതു വശത്തു ചെന്ന് താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് ഏവൻഗലിയോൻ എടുക്കുന്നു.)

ലോകത്തിൻെറ പ്രകാശവും സകലത്തിൻെറയും ജീവനുമായ മിശിഹായേ അങ്ങയെ ഞങ്ങളുടെ പക്കലേയ്ക്കു് അയച്ച അനന്തകാരുണ്യത്തിനു് സ്തുതി. എന്നേയ്ക്കും ആമ്മേൻ.

(കുരിശും കത്തിച്ച രണ്ടുതിരികളും വഹിക്കുന്ന ശുശ്രൂഷകരോടുകൂടി പ്രദക്ഷിണമായി പുരോഹിതൻ ഏവൻഗലിയോൻ നെററിവരെ ഉയർത്തി പിടിച്ചുകൊണ്ട് ബേമ്മായിലേയ്ക്കു് വരുന്നു. തദവസരത്തിൽ താഴ്ന്ന സ്വരത്തിൽ പ്രാർത്ഥിക്കുന്നു.)

അങ്ങയുടെ നിയമത്തിൽ ഞങ്ങളെ വിജ്ഞാനികളാക്കണമേ. അങ്ങയുടെ ജ്ഞാനത്താൽ ഞങ്ങളുടെ ആന്തരികശക്തികളെ ജ്വലിപ്പിക്കണമേ. അങ്ങയുടെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ ഞങ്ങൾ അങ്ങയുടെ വചനങ്ങൾ എപ്പോഴും അനുസരിക്കുന്നവരും കല്പനകൾ നിറവേററുന്നവരുമാകട്ടെ. സകലത്തിൻെറയും നാഥാ, എന്നേയ്ക്കും ആമ്മേൻ.

മ്ശം: (പ്രദക്ഷിണം ബേമ്മായിലെത്തുമ്പോൾ) നമുക്ക് ശ്രദ്ധാപൂർവ്വം നിന്ന് വിശുദ്ധ സുവിശേഷം ശ്രവിക്കാം. (അല്ലെങ്കിൽ) നിങ്ങൾ മൗനമായി ശ്രദ്ധാപൂർവ്വം കേൾക്കുവിൻ.

കാ: (ഏവൻഗലിയോൻ കൊണ്ട് ജനങ്ങളെ ആശീർവ്വദിക്കുമ്പോൾ) സമാധാനം † നിങ്ങളോടുകൂടെ

സ: അങ്ങയോടും അങ്ങയുടെ അരൂപിയോടുംകൂടെ.

കാ: മത്തായി / മർക്കോസ് / ലൂക്കാ / യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ വിശുദ്ധ സുവിശേഷം

സ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി

മ്ശം: ആമ്മേൻ. നിശ്ശബ്ദരായിരിക്കുവിൻ.

(കാർമ്മികൻ ഏവൻഗലിയോൻ വായിക്കുമ്പോൾ മ്ശംശാന അദ്ദേഹത്തിൻെറ മുമ്പാകെനിന്നുകൊണ്ട് ധൂപം അർപ്പിക്കുന്നു.)

(വായന തീരുമ്പോൾ പുസ്തകമടച്ച് ചുംബിച്ച് മറെറാരു പുരോഹിതനെയൊ അല്ലെങ്കിൽ മ്ശംശാനെയോ ഏല്പിക്കുന്നു.)

(വായനതീരുമ്പോൾ) നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(പുസ്തകം ബലിപീഠത്തിലും തിരികളും കുരിശും യഥാസ്ഥാനങ്ങളിലും കൊണ്ടുപോയി വയ്ക്കുന്നു. മദ്ബഹായുടെ വിരിക്കൂട്ടുന്നു. മ്ശംശാന ബേമ്മയിൽ നിന്നുകൊണ്ട് കാറോസൂസാ ആരംഭിക്കുന്നു.)

മ്ശംശാന: നമുക്കെല്ലാവർക്കും സന്തോഷത്തോടും ആനന്ദത്തോടും (സാധാരണദിവസങ്ങളിൽ)അനുതാപത്തോടും ശ്രദ്ധയോടും കൂടി ഉചിതമായി നിന്നു് ഞങ്ങളുടെ കത്താവേ, ഞങ്ങളോടു കൃപചെയ്യണമേ എന്നു പ്രാർത്ഥിക്കാം.

സ: ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കൃപചെയ്യണമേ.

മ്ശം: കാരുണ്യവാനായ പിതാവേ, ആശ്വാസദായകനായ ദൈവമെ നിന്നോടു ഞങ്ങാം പ്രാർത്ഥിക്കുന്നു.

സ: ഞങ്ങളുടെ കർത്താവേ . . . .

മ്ശം: ഞങ്ങളുടെ രക്ഷകനും പരിപാലകനും സകലത്തിൻെറയും ദാതാവുമായ നിന്നോടു ഞങ്ങാം പ്രാർത്ഥിക്കുന്നു.

സ: ഞങ്ങളുടെ കർത്താവേ. . . . .

മ്ശം: ലോകം മുഴുവൻെറയും എല്ലാ സഭകളുടെയും സമാധാനത്തിനും ഐക്യത്തിനും നിലനില്പിനും വേണ്ടി നിന്നോടു ഞങ്ങാം പ്രാർത്ഥിക്കുന്നു.

സ: ഞങ്ങളുടെ കർത്താവേ . . . . . .

മ്ശം: ഞങ്ങളുടെ രാജ്യത്തിനും മററെല്ലാ രാജ്യങ്ങാംക്കും അവയിൽ വസിക്കുന്ന വിശ്വാസികാംക്കും വേണ്ടി നിന്നോടു ഞങ്ങാം പ്രാർത്ഥിക്കുന്നു.

സ: ഞങ്ങളുടെ കർത്താവേ . . . . . .

മ്ശം: അനുകൂലമായ കാലാവസ്ഥയ്ക്കും ഫലപുഷ്ടമായ വത്സരത്തിനും വിളവുകളുടെ സമൃദ്ധിക്കും ലോകം മുഴുവൻെറയും ഐശ്വര്യത്തിനും വേണ്ടി നിന്നോടു ഞങ്ങാം പ്രാർത്ഥിക്കുന്നു.

സ: അങ്ങളുടെ കർത്താവേ . . . . . .

മ്ശം: മിശിഹായുടെ സഭ മുഴുവൻെറയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവു് (പേരു്) മാർപ്പാപ്പായുടെയും, മാർ (പേരു്) മെത്രാപ്പോലീത്തായുടെയും അഥവാ മാർ(പേരു്) മെത്രാൻെറയും ആരോഗ്യത്തിനുവേണ്ടിയും അവരുടെ സഹശുശ്രൂഷകർ എല്ലാവർക്കും വേണ്ടിയും നിന്നോടു ഞങ്ങാം പ്രാർത്ഥിക്കുന്നു.

സ: ഞങ്ങളുടെ കർത്താവേ . . . . . . . .

മ്ശം: എല്ലാററിനേയും കൃപാപൂൎവ്വം ഭരിക്കുന്ന കാരുണ്യവാനായ ദൈവമേ, നിന്നോടു ഞങ്ങാം പ്രാർത്ഥിക്കുന്നു

സ: ഞങ്ങളുടെ കർത്താവേ . . . . . . .

മ്ശം: അനുഗ്രഹസമ്പന്നനും കരുണാവാരിധിയുമായ നിന്നോടു ഞങ്ങാം പ്രാർത്ഥിക്കുന്നു.

സ: ഞങ്ങളുടെ കർത്താവേ . . . . . . .

മ്ശം: പ്രകൃത്യാ ഗുണവാനും സകല നന്മകളുടെയും ദാതാവുമായ നിന്നോടു ഞങ്ങാം പ്രാർത്ഥിക്കുന്നു.

സ: ഞങ്ങളുടെ കർത്താവേ . . . . . . .

മ്ശം: സ്വർഗ്ഗത്തിൽ സ്തുതിക്കപ്പെടുന്നവനും ഭൂമിയിൽ ആരാധിക്കപ്പെടുന്നവനുമായ നിന്നോടു ഞങ്ങാം പ്രാർത്ഥിക്കുന്നു.

സ: ഞങ്ങളുടെ കർത്താവേ . . . . . .

മ്ശം: പ്രകൃത്യാ മരണമില്ലാത്തവനും ഉജ്ജ്വലമായ പ്രകാശത്തിൽ വസിക്കുന്നവനുമായ നിന്നോടു ഞങ്ങാം പ്രാർത്ഥിക്കുന്നു.

സ: ഞങ്ങളുടെ കർത്താവേ . . . . . . .

മ്ശം: ഞങ്ങളുടെ കർത്താവായ മിശിഹായേ നിൻെറ കൃപയാൽ ഞങ്ങളെയെല്ലാവരെയും രക്ഷിക്കണമെ. നിൻെറ ശാന്തിയും സമാധാനവും ഞങ്ങളിൽ വർദ്ധിപ്പിക്കുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ

സ: ഞങ്ങളുടെ കർത്താവേ . . . . . .

മ്ശം: സമാധാനത്തിൻെറയും അനുഗ്രഹത്തിൻെറയും മാലാഖയെ അയയ്ക്കണമെന്നു് ഞങ്ങാം വിനയപൂർവ്വം

പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്നു.

സ: കർത്താവേ അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

മ്ശം: ഞങ്ങളുടെ ജീവിതത്തിലെ എല്ലാ ദിവസങ്ങളിലും, രാവുംപകലും അങ്ങയുടെ സഭയ്ക്കു് ശാശ്വതമായ സമാധാനവും പാപരഹിതമായ ജീവിതവും ഞങ്ങൾ യാചിക്കുന്നു.

സ: കർത്താവേ അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

മ്ശം: പരിശുദ്ധാത്മാവിൻെറ തികവിൽ പരിപൂർണ്ണതയുടെ ബന്ധമായ സ്നേഹത്തിൻെറ ഐക്യം ഞങ്ങൾ യാചിക്കുന്നു.

സ: കർത്താവേ അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

മ്ശം: പാപമോചനവും ഞങ്ങളുടെ ജീവിതത്തിനുപകരിക്കുന്നവയും ദൈവമായ നിന്നെ പ്രസാദിപ്പിക്കുന്നവയും ഞങ്ങൾ യാചിക്കുന്നു.

സ: കത്താവേ അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

മ്ശം: കർത്താവിൻെറ അനുഗ്രഹവും ശാശ്വതമായ കൃപയും എപ്പോഴും ഞങ്ങൾ യാചിക്കുന്നു.-

സ: കർത്താവേ അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

മ്ശം: നമ്മുടെ ആത്മാക്കളെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഭരമേല്പിക്കാം.

സ. ഞങ്ങളുടെ ദൈവമായ കർത്താവേ അങ്ങേയ്ക്കു ഞങ്ങൾ ഭരമേല്പിക്കുന്നു.

(കാറോസൂസാ ചൊല്ലുമ്പോൾ പുരോഹിതൻ ധൂപകലശം വഹിക്കുന്ന മ്ശംശനായോടുകൂടി തെക്കുവശത്തുള്ള ബേസ്ഗസായിലേക്കുപോയി താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടു് കാസാ ധൂപിക്കുന്നു.)

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ പരിമളസസ്യങ്ങളുടെയും സുഗന്ധദ്രവ്യങ്ങളുടെയും നാഥാ താൽക്കാലിക കൂടാരത്തിൽ പുരോഹിതശ്രേഷ്ഠനായ അഹറോൻെറ കാസയെ എന്നപോലെ ഈ കാസയെയും അങ്ങു് സുഗന്ധപൂരിതമാക്കണമേ. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമ്മേൻ.

(അനന്തരം താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടു് കാസായിൽ കുരിശാകൃതിയിൽ അതായതു് കിഴക്കുനിന്നു് പടിഞ്ഞാറോട്ടും വടക്കുനിന്നു് തെക്കോട്ടും വീഞ്ഞു് ഒഴിക്കുന്നു)

നമ്മുടെ കർത്താവീശോമിശിഹായുടെ കാസയിൽ അമൂല്യമായ രക്തം ഒഴിക്കപ്പെടുന്നു. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമ്മേൻ.

(കുരിശാകൃതിയിൽഅല്പം വെള്ളം അതിൽ കലർത്തിക്കൊണ്ടു്)

പടയാളികളിൽ ഒരുവൻ വന്നു് നമ്മുടെ കർത്താവിൻെറ തിരുവിലാവിൽ കുന്തംകൊണ്ടു കുത്തി, ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. അതുകണ്ട ആൾ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു അയാളുടെ സാക്ഷ്യം സത്യവുമാകുന്നു. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമ്മേൻ.

(താഴെക്കാണുന്ന പ്രാത്ഥന ചൊല്ലിക്കൊണ്ടു് കാസയിൽ വീണ്ടും വീഞ്ഞൊഴിക്കുന്നു.)

വീഞ്ഞ് വെള്ളത്തോടും വെള്ളം വീഞ്ഞിനോടും കലർത്തപ്പെടുന്നു. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആദമ്മൻ.

(പുരോഹിതൻ വടക്കുവശത്തെ ബേസ്ഗസായിലെത്തി താഴെവരുന്ന പ്രാത്ഥന ചൊല്ലി പീലാസ ധൂപിക്കുന്നു.)

ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ, താല്ക്കാലിക കൂടാരത്തിൽ പുരോഹിതശ്രേഷ്ഠനായ അഹറോൻെറ പീലാസയെ എന്നപോലെ ഈ പീലാസയേയും അങ്ങ് സുഗന്ധപൂരിതമാക്കണമേ. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമ്മേൻ.

(പുരോഹിതൻ താഴെക്കാണുന്ന പ്രാത്ഥന ചൊല്ലിക്കൊണ്ടു് ബുക്റാ (അപ്പം) എടുത്തു് പീലാസയിൽ വയ്ക്കുന്നു.)

നമ്മുടെ കർത്താവീശോമിശിഹായുടെ വിശുദ്ധശരീരംകൊണ്ടു് ഈ പീലാസ മുദ്രിതമാക്കപ്പെടുന്നു. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമേൻ.

(കാറോസൂസയുടെ അവസാനത്തിൽ വിരി തുറക്കുന്നു. കാർമ്മികൻ ബേമ്മയിൽ നിന്നുകൊണ്ടു് കൈകരം വിരിച്ചുപിടിച്ച് ഉയന്ന സ്വരത്തിൽ പ്രാത്ഥിക്കുന്നു.)

കാ: കർത്താവേ, ബലവാനായ ദൈവമേ, അങ്ങയോടു ഞങ്ങരം വിനയപൂർവ്വം പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്നു. അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. അങ്ങയുടെ ദാനങ്ങരം ഞങ്ങളുടെ കരങ്ങരംവഴി വർഷിക്കണമെ. ദൈവമായ അങ്ങയുടെ കാരുണ്യവും അനുഗ്രഹവും അങ്ങയുടെ ജനത്തിൻെറ കടങ്ങളുടെ പൊറുതിക്കും അങ്ങ് കൃപയാലും അനുഗ്രഹത്താലും തിരഞ്ഞെടുത്ത അജഗണം മുഴുവൻെറയും പാപങ്ങളുടെ മോചനത്തിനും കാരണമായിത്തീരട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായവനേ സകലത്തിൻെറയും നാഥാ എന്നേയ്ക്കും.

സ: ആമ്മേൻ.

മ്ശം: കർത്താവേ ആശീർവ്വദിക്കണമേ. നിങ്ങരം കൈവയ്പിനായി തലകുനിച്ച് ആശീർവ്വാദം സ്വീകരിക്കുവിൻ.

( എല്ലാവരും തലകുനിക്കുന്നു. കാർമ്മികൻ കുനിഞ്ഞുനിന്നു് ഭക്തിപൂർവ്വം താഴെ വരുന്ന കൈവയ്പു പ്രാത്ഥന ചൊല്ലുന്നു.)

കാ: ( ഞായറാഴ്ചകളിലും തിരുനാളുകളിലും ) കർത്താവേ ബലവാനായ ദൈവമേ അങ്ങയുടെ അഭിഷിക്തൻെറ കഠോരമായ പീഡാനുഭവത്താൽ രക്ഷിക്കപ്പെട്ട അജഗണമായ പരിശുദ്ധ കത്തോലിക്കാ സഭ അങ്ങയുടേതാകുന്നു. സ്തുത്യർഹമായ ദൈവസ്വഭാവത്തിൽ അങ്ങയോട് ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിൻെറ കൃപാവരത്താൽ യഥാർത്ഥ പൗരോഹിത്യത്തിൻെറ പദവികരം കൈവയ്പു വഴി നൽകപ്പെടുന്നു. വിശ്വാസികളുടെ ആത്മാക്കരംക്കു് ആദ്ധ്യാത്മികസഹായങ്ങരം പ്രദാനം ചെയ്യാൻ പരിശുദ്ധ കത്തോലിക്കാസഭയുടെ മഹത്തായ ശരീരത്തിൽ ഞങ്ങരം സവിശേഷാംഗങ്ങരം ആകുവാൻവേണ്ടി ഞങ്ങളുടെ നിസ്സാരവും ദുർബ്ബലവുമായ സ്വഭാവത്തെ എൻെറ കത്താവേ അങ്ങയുടെ കാരുണ്യത്താൽ അങ്ങു യോഗ്യമാക്കി. ആകയാൽ കർത്താവേ, അങ്ങയുടെ നന്മ ഞങ്ങളിൽ പൂർണ്ണമാക്കുകയും അങ്ങയുടെ ദാനങ്ങരം ഞങ്ങളുടെ കരങ്ങരംവഴി വർഷിക്കുകയും

ചെയ്യണമേ. ദൈവമായ അങ്ങയുടെ കൃപയും അനുഗ്രഹവും ഞങ്ങളിലും അങ്ങേയ്ക്കായി അങ്ങു തിരഞ്ഞെടുത്ത ഈ ജനത്തിലും ഉണ്ടാകുമാറാകട്ടെ.

(സാധാരണ ദിവസങ്ങളിലും വലിയ നോമ്പിലും) ദൈവമായ കർത്താവേ, ഭൂമിയുടെ ഒരതിർത്തി മുതൽ മറേറ അതിത്തിവരെയുള്ള ക്രൈസ്തവ കത്തോലിക്കാ സഭയുടെമേൽ അങ്ങയുടെ കരുണയേറിയ വലംകൈ നീട്ടണമെ. ദൃശ്യവും അദൃശ്യവുമായ സകല വിപത്തുകളിൽനിന്നും അതിനെ സംരക്ഷിക്കണമേ. നിർമ്മലതയോടും ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടി അങ്ങയുടെ മുമ്പാകെ ശുശ്രൂഷചെയ്യുവാൻ കരുണാപൂർവ്വം ഞങ്ങൾ ഏവരേയും യോഗ്യരാക്കണമേ.

(കാർമ്മികൻ നിവർന്നുനിന്നു് ഉയർന്ന സ്വരത്തിൽ തുടരുന്നു) എൻെറ കർത്താവേ കരുണാനിധിയായ അങ്ങയുടെ മഹനീയാഭീഷ്ടത്തെ പ്രസാദിപ്പിക്കുകയും രഞ്ജിപ്പിക്കുകയും ചെയ്യുന്ന നീതിയുടെ സൽപ്രവർത്തികളാൽ ഞങ്ങൾ എല്ലാവരും ഒന്നിച്ച് ജീവിതകാലം മുഴവനും ദൈവമായ നിന്നെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേയ്ക്കു് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ അങ്ങയുടെ അനുഗ്രഹത്തിൻെറ സഹായത്താൽ ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായവനേ സകലത്തിൻെറയും നാഥാ, എന്നേയ്ക്കും.

സ: ആമ്മേൻ.

(ജ്ഞാനസ്നാനാർത്ഥികൾ ഉള്ളപ്പോൾ)

(മ്ശംശാനമാർ ജനങ്ങളുടെ നേരെ തിരിഞ്ഞുനിന്നുകൊണ്ടു് മാറി മാറി ചൊല്ലുകയോ, ഗായകസംഘം രണ്ടുഗണമായി പാടുകയോ ചെയ്യുന്നു.)

1 മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്തവൻ പുറത്തു പോകട്ടെ.

2 ജീവൻെറ അടയാളം സ്വീകരിച്ചിട്ടില്ലാത്തവൻ പുറത്തുപോകട്ടെ.

1 അതു് (വിശുദ്ധ കർബാന) സ്വീകരിക്കാത്തവൻ പുറത്തുപോകട്ടെ.

2 ശ്രോതാക്കളേ, നിങ്ങൾ പോകുവിൻ. വാതിൽക്കൽ കാവൽ നിൽക്കുക.

(ജ്ഞാനസ്നാനാർത്ഥികൾ ഇല്ലാത്തപ്പോഴും മുൻപറഞ്ഞ കർമ്മരീതി സന്ദർഭോചിതമല്ലാത്തപ്പോഴും)

മ്ശംശാന: (ഇല്ലാത്തപ്പോൾ കാർമ്മികൻ) മാമ്മോദീസ സ്വീകരിച്ചവരും ജീവൻെറ അടയാളത്താൽ മുദ്രിതരുമായവർ ഭക്തിയോടും ശ്രദ്ധയോടും കൂടിനിന്നു് വിശുദ്ധരഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ.

(റാസയിൽ സാഷ്ടാംഗ പ്രണാമകർമ്മം കൂട്ടിച്ചേർക്കുന്നു)

(ഗായകസംഘവും സമൂഹവും മാറി മാറി ''ഓനീസാദ്റാസേ'' പാടുന്നു. ആദ്യത്തെ രണ്ടു പാദങ്ങൾക്കു പകരം ദിവസത്തിൻേറതുകൂടിചേർക്കുന്നു.)

കാ: കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു.

സ: വിശുദ്ധ ബലിപീഠത്തിന്മേൽ മിശിഹായുടെ ശരീരവും അമൂല്യമായ രക്തവും. നമുക്കെല്ലാവർക്കും ഭയത്തോടും സ്നേഹത്തോടുംകൂടെ അവിടത്തെ സമീപിക്കുകയും മാലാഖമാരോടൊന്നിച്ച് ദൈവമായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ

പരിശുദ്ധൻ എന്നു പാടിസ്തുതിക്കുകയും ചെയ്യാം.

മ്ശം: ദരിദ്രർ ഭക്ഷിച്ചു തൃപ്തരാകും.

സ: വിശുദ്ധ ബലിപീഠത്തിൽ.........
. . . . . . . . . . . . . . . . . .

മ്ശം: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ദൈവമാതാവായ കന്യകാമറിയത്തെ വിശുദ്ധ ബലി പീഠത്തിൽ നമുക്ക് അനുസ്മരിക്കാം.

സ: ആദിമുതൽ എന്നേയ്ക്കും ആമ്മേൻ. ദൈവപുത്രൻെറ ശ്ലീഹന്മാരേ, ഏകജാതൻെറ സ്നേഹിതരേ, സൃഷ്ടികളിൽ സമാധാനമുണ്ടാകുവാൻവേണ്ടി പ്രാർത്ഥിക്കുവിൻ.

മ്ശം: ദൈവജനം മുഴുവൻ ആമ്മേൻ ആമ്മേൻ എന്നു് ഉദ്ഘോഷിക്കട്ടെ. വിജയംവരിച്ച നീതിമാന്മാരോടും മകുടം ചൂടിയ രക്തസാക്ഷികളോടും കൂടെ മാർതോമായുടെ സ്മരണ വിശുദ്ധ ബലിപീഠത്തിൽ ഉണ്ടാകട്ടെ.

മ്ശം: ബലവാനായ കർത്താവ് നമ്മോടുകൂടെ, നമ്മുടെ രാജാവ് നമ്മോടുകൂടെ, നമ്മുടെ ദൈവം നമ്മോടുകൂടെ യാക്കോബിൻെറ ദൈവം നമ്മുടെ സഹായിയും.

കാ: ചെറിയവരും വലിയവരും അങ്ങയുടെ സ്തുത്യർഹമായ ഉത്ഥാനം വഴി തങ്ങളെ മഹത്വത്തോടെ അങ്ങ് ഉയർപ്പിക്കുമെന്ന പ്രതീക്ഷയിൽ എല്ലാ മരിച്ചവരും നിദ്ര ചെയ്യുന്നു.

മ്ശം: അവിടുത്തെ മുമ്പാകെ നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുവിൻ. ഉപവാസവും പ്രാർത്ഥനയും, അനുതാപവും വഴി മിശിഹായെയും അവിടുത്തെ പിതാവിനേയും പരിശുദ്ധാത്മാവിനെയും നമുക്ക് പ്രസാദിപ്പിക്കാം.

(ബലിവസ്തുക്കൾ മുൻകൂട്ടി ഒരുക്കിയിട്ടില്ലെങ്കിൽ ഈ സമയത്തു് ഒരുക്കുന്നു.)

(ഓനീസാദ്റാസേ പാടിത്തുടങ്ങുമ്പോൾ കാർമ്മികൻ താഴെവരുന്ന പ്രാർത്ഥന ചൊല്ലി കൈകൾ കഴുകിത്തുടങ്ങുന്നു.)

സകലത്തിൻേറയും നാഥനായ ദൈവം തൻെറ കൃപയുടെ സോപ്പാകൊണ്ടു് നമ്മുടെ കടങ്ങളുടെയും, പാപങ്ങളുടെയും കളങ്കം നീക്കിക്കളയട്ടെ. തൻെറ വിശാലമായ കൃപാസമുദ്രത്തിൽ നമ്മുടെ അപരാധങ്ങളുടെ മാലിന്യം കഴുകിക്കളയുകയും ചെയ്യട്ടെ.

കർത്താവു് തൻെറ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ കറ തുടച്ചുനീക്കട്ടെ.

(മറെറാരു പുരോഹിതൻ ഇല്ലെങ്കിൽ കാർമ്മികൻ തന്നെ വടക്കുവശത്തുള്ള ബേസ്ഗസ്സായിലേക്കും മ്ശംശാന തെക്കുവശത്തുള്ള ബേസ്ഗസ്സായിലേക്കും പോകുന്നു. അനന്തരം പുരോഹിതൻ ബുക്റാ ഒരുക്കിവച്ചിരിക്കുന്ന പീലാസ ഇരുകരങ്ങൾകൊണ്ടും എടുക്കുന്നു. അതു നെററിവരെ ഉയർത്തിപ്പിടിച്ചു കൊണ്ടു് ബലിപീഠത്തിൻെറ മദ്ധ്യത്തിലേയ്ക്കു വരുന്നു. ഒരുക്കിവച്ചിരിക്കുന്ന കാസ ശംശാന മേൽ പറഞ്ഞ വിധം പുരോഹിതൻെറ പക്കലേക്കു കൊണ്ടുവരുന്നു.)

(ബലിപീഠത്തിങ്കൽ വന്നുകഴിയുമ്പോൾ പുരോഹിതൻ വലതുകൈയിൽ കാസയും ഇടതുകൈയിൽ പീലാസയും എടുത്ത് കുരിശാകൃതിയിൽ ഉയർത്തുന്നു. അപ്പോൾ മ്ശംശാന താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.)

മ്ശം: നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാ: (താഴ്ന്ന സ്വരത്തിൽ) അങ്ങയുടെ സ്തുത്യർഹമായ ത്രീത്വത്തെ ഞങ്ങൾ സ്തുതിക്കും. എപ്പോഴും എന്നേയ്ക്കും.

മ്ശം: ആമ്മേൻ.

കാ: നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും തൻെറ പീഡാനുഭവത്തിൻേറയും മരണത്തിൻേറയും സംസ്കാരത്തിൻേറയും ഉത്ഥാനത്തിൻെറയും ഓർമ്മ ആചരിക്കാൻ നമ്മോടു കല്പിക്കുകയും ചെയ്ത മിശിഹാ തൻെറ കൃപയാലും അനുഗ്രഹത്താലും ഈ ബലി നമ്മുടെ കരങ്ങളിൽനിന്നു സ്വീകരിക്കുമാറാകട്ടെ. എന്നേയ്ക്കും ആമ്മേൻ. (പുരോഹിതൻ പീലാസകൊണ്ട് കാസയിൽ മൂന്നു പ്രാവശ്യം മുട്ടുന്നു. ഓരോ പ്രാവശ്യവും ചൊല്ലുന്നു.)

ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ അങ്ങയുടെ കല്പനയാൽ (തുടരുന്നു) സ്വർഗ്ഗത്തിൽനിന്നുള്ള മിശിഹായുടെ മഹത്വമേറിയ രണ്ടാമത്തെ ആഗമനം വരെ അവിടുത്തെ വിശുദ്ധ ബലിപീഠത്തിന്മേൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ സജ്ജീകരിക്കപ്പെടുന്നു. അവിടുത്തേയ്ക്ക് സ്തുതിയും കൃതജ്ഞതയും ആരാധനയും ബഹുമാനവും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

മ്ശം: ആമ്മേൻ.

(അനന്തരം പുരോഹിതൻ പീലാസ തെക്കു വശത്തും കാസ വടക്കു വശത്തുമായി ബലിപീഠത്തിൽ വയ്ക്കുകയും ശോശപ്പ കൊണ്ട് മൂടുകയും ചെയ്യുന്നു. മദ്ബഹായിലുള്ളവരും ബേമായിലുള്ളവരും മദ്ബഹായുടെ കവാടത്തിങ്കലേയ്ക്കു വരുന്നു.

കാ: ( നന്നായി കുനിഞ്ഞ്, താഴ്ന്ന സ്വരത്തിൽ )

കഴുകി വെടിപ്പാക്കപ്പെട്ടതും ദുർവിചാരങ്ങളിൽനിന്നും ശുദ്ധീകൃതവുമായ ഹൃദയത്തോടെ അതി വിശുദ്ധ സ്ഥലത്തു പ്രവേശിക്കാനും, നിർമ്മലതയോടും ഭക്തിയോടും, ശ്രദ്ധയോടും വിശുദ്ധിയോടുംകൂടി അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നിൽക്കാനും ആദ്ധ്യാത്മികവും മനുഷ്യബുദ്ധിക്കുചേർന്നതുമായ ബലികൾ സത്യവിശ്വാസത്തോടെ അങ്ങേയ്ക്കർപ്പിക്കാനും ഞങ്ങളെ യോഗ്യരാക്കണമേ.

( കാർമ്മികൻ നിവർന്നുനിന്ന് കൈകൾ വിരിച്ചുപിടിച്ച് ഉയർന്നസ്വരത്തിൽ ചൊല്ലുന്നു.)

കാ: സർവ്വശക്തനും പിതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

സ: (തുടരുന്നു) ദൃശ്യവും അദൃശ്യവുമായ സകലത്തിൻേറയും സ്രഷ്ടാവായ ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിൻെറ ഏകപുത്രനും സകലസൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും യുഗങ്ങൾക്കെല്ലാം മുമ്പ് പിതാവിൽനിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും ഏകകർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്നു സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. അവിടുന്നു വഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി അവിടുന്നു സ്വർഗ്ഗത്തിൽ നി

ന്നിറങ്ങി പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച് മനുഷ്യനായിപ്പിറന്നു. പന്തിയോസ് പീലാത്തോസിൻെറ കാലത്ത് പീഡകൾ സഹിക്കുകയും സ്ലീവായിൽ തറയ്ക്കപ്പെട്ട് മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവിടുന്ന് സ്വർഗ്ഗത്തിലേയ്ക്കെഴുന്നള്ളി പിതാവിൻെറ വലതുഭാഗത്തിരിക്കുന്നു. മരിച്ചവരെയും ജീവിക്കുന്നവരെയും വിധിക്കുവാൻ അവിടുന്ന് വീണ്ടും വരുവാനിരിക്കുന്നു. പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏക മാമ്മോദീസായിലും ശരീരത്തിൻെറ ഉയിർപ്പിലും നിത്യായുസ്സിലും ഞങ്ങൾ വിശ്വസിക്കുന്നു. ആമ്മേൻ.

(വിശ്വാസപ്രമാണം അവസാനിക്കുമ്പോൾ കാർമ്മികൻ മ്ശംശാനയുടെ നേരെ തിരിഞ്ഞ് ആശീർവ്വദിച്ചുകൊണ്ട് ചൊല്ലുന്നു.)

സകലത്തിൻെറയും നാഥനായ ദൈവം തൻെറ സ്തുതികൾ പാടാൻ നിന്നെ ശക്തനാക്കട്ടെ. (മ്ശംശാന താഴെ വരുന്ന കാറോസൂസാ ചൊല്ലുന്നു.)

നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ. കാസോലിക്കമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാരുടെയും എല്ലാ പുരോഹിതന്മാരുടെയും മ്ശംശാനമാരുടെയും ബ്രഹ്മചാരികളുടേയും കന്യകകളുടേയും നമ്മുടെ മാതാപിതാക്കളുടെയും സഹോദരരുടെയും, പുത്രീപുത്രന്മാരുടെയും മിശിഹായുടെ സ്നേഹിതരും വിശ്വാസികളുമായ എല്ലാ ഭരണകർത്താക്കളുടെയും സത്യവിശ്വാസത്തിൽ മരിച്ച് ഈ ലോകത്തിൽനിന്നും വേർപെട്ടുപോയ എല്ലാവരുടെയും ഈ സ്ഥലത്തും എല്ലാ സ്ഥലങ്ങളിലുമുള്ള പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടേയും വന്ദകരുടെയും ഓർമ്മയ്ക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ. മരിച്ചവരിൽ നിന്നുള്ള ഉയർപ്പിൽ അവരെ മുടിധരിപ്പിക്കുവാനിരിക്കുന്ന ദൈവം അവരോടുകൂടെ നമുക്കും സ്വർഗ്ഗരാജ്യത്തിൽ നല്ല ശരണവും പങ്കാളിത്തവും ജീവനും അവകാശവും നല്കട്ടെ. ഈ കുർബ്ബാന സംപ്രീതിയോടെ സ്വീകരിക്കപ്പെടുകയും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിൻെറ വചനത്താൽ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യട്ടെ, മിശിഹായുടെ കൃപയാൽ ഇതു നമുക്ക് സഹായത്തിനും രക്ഷയ്ക്കും സ്വർഗ്ഗരാജ്യത്തിൽ നിത്യജീവനമായിത്തീരട്ടെ.

(ഈ സമയത്തു് കാർമ്മികൻ മൂന്ന് പ്രാവശ്യം നന്നായി കുനിഞ്ഞു് ആചാരം ചെയ്ത്, ഓരോ ആചാരത്തിനും ശേഷം അല്പാല്പം മുമ്പോട്ടു കയറി ബലിപീഠത്തെ സമീപിക്കുന്നു. തദവസരത്തിൽ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.)

കാ: പിതാവും പുത്രനും പരിശുദ്ധാത്മാവും സ്വർഗ്ഗത്തിൻെറയും ഭൂമിയുടെയും നാഥനുമായ എൻെറ പിതാവേ, അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എന്തെന്നാൽ അങ്ങയുടെ അഭിഷിക്തൻെറ ശരീരരക്തങ്ങളുടെ സ്തുത്യർഹവും വിശുദ്ധവും ജീവ

ദായകവും ദൈവികവുമായ ഈ രഹസ്യങ്ങളെ അങ്ങയുടെ മുമ്പാകെ സമർപ്പിക്കാൻ പാപിയായിരുന്നിട്ടും അങ്ങ് എന്നെ കൃപാപൂർവ്വം യോഗ്യനാക്കി. കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ലോകം മുഴുവൻെറയും അനുരഞ്ജനത്തിനും എല്ലാ സഭകളുടെയും സമാധാനത്തിനും ശാന്തിക്കും വേണ്ടി അങ്ങയുടെ ജനത്തിനും അജഗണത്തിനും ഇവ ഞാൻ പരികർമ്മം ചെയ്യുന്നു.

(കാർമ്മികൻ ബലിപീഠത്തെ സമീപിച്ച് കുനിഞ്ഞ് ആചാരം ചെയ്തശേഷം അതിൻെറ മദ്ധ്യത്തിൽ ചുംബിയ്ക്കുന്നു. അനന്തരം ബലിപീഠത്തിൻെറ വലത്തെ അററത്തുചെന്ന് കുനിഞ്ഞ് ആചാരം ചെയ്ത് ചുംബിച്ചശേഷം മദ്ബഹായുടെ വലതു വശത്തുള്ള വിരിയിലേയ്ക്കു തിരിഞ്ഞ്)

കർത്താവേ ആശീർവ്വദിക്കണമെ. എൻെറ സഹോദരരേ, ഈ കുർബാന എൻെറ കരങ്ങൾവഴി പൂർണ്ണമാക്കപ്പെടാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

മ്ശം: സകലത്തിൻേറയും നാഥനായ ദൈവം തൻെറ അഭീഷ്ടം നിറവേററാൻ അങ്ങയെ ശക്തനാക്കട്ടെ. അങ്ങയുടെ കുർബാന അവിടന്നു സ്വീകരിക്കട്ടെ. ഞങ്ങൾക്കും അങ്ങേയ്ക്കും ലോകം മുഴുവനുംവേണ്ടി അങ്ങു അർപ്പിക്കുന്ന ഈ ബലിയിൽ അവിടന്നു കരുണാപൂർവ്വം സംപ്രീതനാവുകയും ചെയ്യട്ടെ, എന്നേയ്ക്കും. ആമ്മേൻ.

(കാർമ്മികൻ ബലിപീഠത്തിൻെറ ഇടത്തെ അററത്തുചെന്ന് മുൻപറഞ്ഞപ്രകാരം ചുംബിക്കുകയും പ്രാർത്ഥന യാചിക്കുകയും പ്രത്യുത്തരം ചൊല്ലുകയും ചെയ്യുന്നു).

## ഒന്നാം ഗ്ഹന്താ

(കാർമ്മികൻ ബലിപീഠത്തിൻെറ മദ്ധ്യഭാഗത്തുവന്ന് കുനിഞ്ഞ് ആചാരം ചെയ്തശേഷം നടുക്കും ഇരുവശങ്ങളിലും ചുംബിക്കുന്നു. തൽസമയം താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.)

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ ഞങ്ങളുടെ പാപധിക്യം അങ്ങു പരിഗണിക്കരുതേ, ഞങ്ങളുടെ ദുഷ്ടതയുടെ ഭാരം നാഥനായ അങ്ങയെ വെറുപ്പിക്കാതിരിക്കട്ടെ. പ്രത്യുത ഞങ്ങളുടെ കർത്താവീശോമിശിഹായേ, ഞങ്ങളിൽനിന്നും സ്വീകരിച്ച മനുഷ്യത്വത്തോടെ സമയത്തിൻെറ സമാപ്തിയിൽ അങ്ങു പ്രത്യക്ഷനാകുമ്പോൾ, അങ്ങയുടെ സന്നിധിയിൽ കൃപയും അനുഗ്രഹവും ഞങ്ങൾ കണ്ടെത്തുന്നതിനും വാനശ്രുതഗണങ്ങളോടുകൂടി അങ്ങയെ സ്തുതിക്കാൻ ഞങ്ങൾ യോഗ്യരാകുന്നതിനുംവേണ്ടി ഈ ബലിയെ അങ്ങയുടെ അവർണ്ണനീയമായ കൃപയാൽ പവിത്രീകരിക്കണമേ. ഞങ്ങളുടെ നിരവധി പാപങ്ങൾ തുടച്ചുനീക്കാൻ അതിനു ശക്തിയും കഴിവും നൽകുകയും ചെയ്യണമേ.

(കാറോസൂസ അവസാനിക്കുമ്പോൾ കാർമ്മികൻ ബലിപീഠം ചുംബിക്കുന്നു. അതിനുശേഷം കൈകൾ മുമ്പോട്ടു നീട്ടിപ്പിടിക്കാതെ താഴെക്കാണുന്ന ഗ്ഹന്താ കുനിഞ്ഞുനിന്നു ചൊല്ലുന്നു.)

# ഒന്നാമത്തെ അനാഫൊറ

(കറോസൂസാ അവസാനിക്കുമ്പോൾ ഒന്നാമത്തെ അനാഫൊറ അതായതു് കിഴക്കിൻെറ പ്രബോധകരായിരുന്ന അദ്ദായി, മാറി എന്നീ അനുഗൃഹീത ശിഷ്യന്മാരുടെ കുർബാന കാർമ്മികൻ കുനിഞ്ഞുനിന്നു് താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.)

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ അങ്ങു് ഞങ്ങളുടെമേൽ സമൃദ്ധമായി വർഷിച്ച അനുഗ്രഹങ്ങളെക്കുറിച്ച് അങ്ങേക്കു് ഞങ്ങൾ നന്ദി പറയുന്നു. എന്തെന്നാൽ പാപികളും എളിയവരുമെങ്കിലും അങ്ങയുടെ അഭിഷിക്തൻെറ ശരീരരക്തങ്ങളുടെ ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യാൻ അങ്ങയുടെ കാരുണ്യാതിരേകത്താൽ ഞങ്ങളെ അങ്ങു് യോഗ്യരാക്കി. അങ്ങു് ഞങ്ങൾക്കു നൽകിയ ദാനത്തെ തികഞ്ഞ സ്നേഹത്തോടും യഥാർത്ഥ വിശ്വാസത്തോടും കൂടി കൈകാര്യം ചെയ്യാൻ ഞങ്ങൾ ശക്തരാകുന്നതിനു വേണ്ടി അങ്ങയുടെ സഹായം ഞങ്ങൾ യാചിക്കുന്നു.

(കാർമ്മികൻ ബലിപീഠത്തിൻെറ മദ്ധ്യത്തിൽ ചുംബിക്കുന്നു. അനന്തരം, കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽ ചേർത്തു വച്ചുകൊണ്ടു് ഉയൎന്ന സ്വരത്തിൽ ചൊല്ലുന്നു.)

ഞങ്ങൾ അങ്ങേയ്ക്കു് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു ഇപ്പോഴും എപ്പോഴും † എന്നേയ്ക്കും

സമൂ : ആമ്മേൻ.

(അപ്പോൾ കാർമ്മികൻ വലതുകൈവിടർത്തി, ഉള്ളം കൈ പടിഞ്ഞാറോട്ടു് (ജനങ്ങളുടെ നേരെ) ആക്കി, വിരലുകൾ ശിരസ്സിനു മുകളിൽ കാണത്തക്കവിധം ഉയർത്തി ഇപ്പോഴും എന്നു ചൊല്ലുന്നു. തുടൎന്നു കൈ നെഞ്ചിനു താഴെ വരെ താഴ്ത്തുകയും എപ്പോഴും എന്നു ചൊല്ലുമ്പോൾ വലത്തെ തോൾ വരയും എന്നേയ്ക്കും എന്നു ചൊല്ലുമ്പോൾ ഇടത്തെ തോൾ വരെയും കൊണ്ടു വരികയും ചെയ്യുന്നു. രണ്ടു് മ്ശംശാനമാർ ബലിപീഠത്തിൻെറ താഴത്തെ പടിയിൽ നിൽക്കുന്നു. കാൎമ്മികൻ പടിഞ്ഞാട്ടു തിരിഞ്ഞുനിന്നു, ജനങ്ങളെ ആശിൎവ്വദിച്ചു് ഉയൎന്ന സ്വരത്തിൽ പറയുന്നു

സമാധാനം † നിങ്ങളോടു കൂടെ.

സമൂ : അങ്ങയോടും അങ്ങയുടെ അരൂപിയോടും കൂടെ.

(കാർമ്മികൻ ബലിപീഠത്തിലേയ്ക്കു തിരിയുമ്പോൾ മ്ശംശാന കാർമ്മികൻെറ ഇടത്തുവശത്തു ചെന്നു് ആദ്യം ബലിപീഠവും അനന്തരം അദ്ദേഹത്തിൻെറ വലതു കൈയ്യും ചുംബിക്കുന്നു. തുടർന്നു് മ്ശംശാന ജനങ്ങൾക്കു് അഭിമുഖമായി നിന്നുകൊണ്ടു് പറയുന്നു.)

എൻെറ സഹോദരരെ, മിശിഹായുടെ സ്നേഹത്തിൽ നിങ്ങൾ പരസ്പരം സമാധാനം നൽകുവിൻ.

(ഉടൻതന്നെ എല്ലാവരും പരസ്പരം സമാധാനം നൽകുന്നു. മ്ശംശാന ബലിപീഠത്തിൽനിന്നിറങ്ങി സഹശുശ്രൂഷകനും തുടർന്നു് മദ്ബഹായിൽ തെക്കും വടക്കും നിൽക്കുന്നവർക്കും അതിനുശേഷം കെസ്ത്രോമായിൽ ഉള്ളവൎക്കും സമാധാനം നൽ

കുന്നു. മ്ശംശാനമാരിൽ ഒരാാം ഹൈക്കലായിൽ ചെന്നു് വിശ്വാസികാംക്ക് സമാധാനം നൽകുന്നു. ഈ സമയത്തു് മ്ശംശാന അല്ലെങ്കിൽ പാട്ടുകാരിലൊരാാം ഡിപ്ത്തിക്ക്സ് (അനുസ്മരണ പ്രാത്ഥന ചൊല്ലുന്നു.)

(തുടർന്നു് മ്ശംശാന ജനങ്ങളുടെ നേരെതിരിഞ്ഞു് ചൊല്ലുന്നു)

നമുക്കെല്ലാവർക്കും നിർമ്മലതയോടും അനുതാപത്തോടും കൂടെ കർത്താവിനെ സ്തുതിച്ചുകൊണ്ടു് അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യാം. നിങ്ങാം ആദരപൂർവം നിന്നു് അനുഷ്ഠിക്കപ്പെടുന്നവയെ സൂക്ഷിച്ചുനോക്കുവിൻ. ഭീതിജനകമായ രഹസ്യങ്ങാം കൂദാശ ചെയ്യപ്പെടുന്നു. പുരോഹിതൻ (മെത്രാനോ, മെത്രാപ്പോലീത്തായോ ആണു് ബലി അർപ്പിക്കുന്നതെങ്കിൽ പുരോഹിതശ്രേഷ്ഠൻ എന്നു പറയുന്നു.) തൻെറ മാദ്ധ്യസ്ഥ്യം വഴി നിങ്ങാംക്കു് സമാധാനം സമൃദ്ധമാകുന്നതിനു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങിയിരിക്കുന്നു. കണ്ണുകാം താഴ്ത്തി, വിചാരങ്ങാം സ്വർഗ്ഗത്തിലേക്കുയർത്തി, ശ്രദ്ധയോടും ഉത്സാഹത്തോടും ഇപ്പോാം പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുവിൻ. ആരും സംസാരിക്കാതിരിക്കട്ടെ. പ്രാത്ഥിക്കുന്നവൻ ഹൃദയത്തിൽ പ്രാർത്ഥിയ്ക്കട്ടെ. നിങ്ങാം നിശ്ശബ്ദരായി ഭയത്തോടുകൂടെ നിന്നു പ്രാർത്ഥിയ്ക്കുവിൻ. സമാധാനം നമ്മോടുകൂടെ.

(മ്ശംശാന നമുക്കെല്ലാവർക്കും എന്ന ക്രമപാലക നിർദ്ദേശം ആരംഭിക്കുമ്പോാം താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥന കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.)

കർത്താവേ ശക്തനായ ദൈവമേ, ബലഹീനനായ എന്നെ കാരുണ്യപൂർവ്വം സഹായിക്കണമേ. ഈ സമൂഹം മുഴുവൻെറയും സഹായത്തിനും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അങ്ങയുടെ സ്തുത്യർഹമായ ത്രിത്വത്തിൻെറ ബഹുമാനത്തിനുമായി സജീവവും വിശുദ്ധവുമായ ഈ ബലി അങ്ങയുടെ സന്നിധിയിൽ അർപ്പിക്കാൻ അങ്ങയുടെ അനുഗ്രഹസഹായത്താൽ എന്നെ യോഗ്യനാക്കേണമേ. സകലത്തിൻെറയും നാഥാ എന്നേയ്ക്കും.

(മ്ശംശാന 'ശ്രദ്ധയോടും ഉത്സാഹത്തോടും കൂടെ എന്നു ചൊല്ലുമ്പോാം രഹസ്യങ്ങളെ മൂടിയിരിക്കുന്ന ശോശപ്പാ കാർമ്മികൻ ശ്രദ്ധാപൂർവ്വം എടുത്തു അവയ്ക്കു ചുററുമായി വച്ചുകൊണ്ടു് ചൊല്ലുന്നു)

എൻെറ കർത്താവേ, അങ്ങയുടെ ശരീരത്തിനും രക്തത്തിനും കാരുണ്യപൂർവ്വം അങ്ങു് എന്നെ യോഗ്യനാക്കി. അപ്രകാരം തന്നെ വിധി ദിവസത്തിൽ അങ്ങയുടെ സംപ്രീതിയ്ക്കും എന്നെ യോഗ്യനാക്കണമേ ആമ്മേൻ.

(ശുശ്രൂഷകർ കുന്തിരിക്കവും ധൂപകലശവും കാർമ്മികൻെറ അടുക്കൽ കൊണ്ടുവരുന്നു. അദ്ദേഹം ക്രമപ്രകാരം ധൂപം വാഴ്ത്തി അവിടെത്തന്നെ നിന്നുകൊണ്ടു് ബലിപീഠത്തെ ധൂപിക്കുന്നു. ധൂപകലശം ശുശ്രൂഷിക്കു് തിരികെ കൊടുത്തശേഷം കോംക്കത്തക്കസ്വരത്തിൽ ചൊല്ലുന്നു)

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻെറ സഹവാസവും നാമെല്ലാവരോടും കൂടെ ഉണ്ടാ

യിരിക്കട്ടെ. ഇപ്പോഴും † (രഹസ്യങ്ങളുടെമേൽ റൂശ്മ ചെയ്യുന്നു.) എപ്പോഴും എന്നേയ്ക്കും

സമൂ : ആമ്മേൻ.

(അനന്തരം കാർമ്മികൻ കൈകൾ ഉയർത്തിപ്പിടിച്ച് തുടരുന്നു.)

നിങ്ങളുടെ ചിന്തകൾ ഉന്നതത്തിലേയ്ക്കുയരട്ടെ.

സമൂ : അബ്രാഹമിൻേറയും ഇസഹാക്കിൻേറയും ഇസ്രയേലിൻേറയും ദൈവമേ സ്തുത്യർഹനായ രാജാവേ, അങ്ങയുടെ സന്നിധിയിലേയ്ക്കു.

കാ: സകലത്തിൻെറയും നാഥനായ ദൈവത്തിനു കുർബാന അപ്പിക്കപ്പെടുന്നു.

സ: അതു ന്യായവും യുക്തവുമാകുന്നു.

മ്ശം: സമാധാനം നമ്മോടുകൂടെ.

( അനന്തരം കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു. )

കർത്താവേ, ഞങ്ങളുടെ മനസ്സിനെ എല്ലാ അശുദ്ധതയിലും ദുഷ്ടതയിലും അസൂയയിലും വഞ്ചനയിലും നിന്നു വിമുക്തമാക്കണമേ. പരസ്പരസ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്കണമേ. വിശുദ്ധവും സജീവവുമായ ഈ തിരുക്കർമ്മം പ്രത്യാശപൂവ്വം അനുഷ്ഠിക്കുവാൻ ഞങ്ങൾക്ക് ആത്മധൈര്യം നൽകുകയും ചെയ്യണമേ.

(കാർമ്മികൻ ബലിപീഠത്തിൻെറ മദ്ധ്യത്തിൽ ചുംബിച്ചശേഷം താഴെ വരുന്ന ഗ്ഹന്താ ചൊല്ലുന്നു. )

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹത്വമേറിയ ത്രിത്വത്തിൻെറ ആരാധ്യവും സ്തുത്യർഹവുമായ നാമം എല്ലാ അധരങ്ങളിൽ നിന്നുമുള്ള സ്തുതികളും എല്ലാ നാവുകളിൽനിന്നുമുള്ള കൃതജ്ഞതയും സർവ്വസൃഷ്ടിജാലങ്ങളിൽനിന്നുമുള്ള പുകഴ്ചയ്ക്കും അർഹമാകുന്നു. എന്തെന്നാൽ തൻെറ നന്മയാലും കാരുണ്യത്താലും അങ്ങു ലോകത്തെയും അതിൽവസിക്കുന്നവരെയും സൃഷ്ടിക്കുകയും മർത്ത്യരോടു വലിയ കരുണ കാണിക്കുകയും ചെയ്തു.

എൻെറ കർത്താവേ, സ്വർഗ്ഗവാസികളുടെ ആയിരങ്ങളും വിശുദ്ധ മാലാഖമാരുടെ പതിനായിരങ്ങളും മഹോന്നതനായ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. അങ്ങയെ ശുശ്രൂഷിക്കുന്ന അഗ്നിമയന്മാരും അരൂപികളുമായ സ്വർഗ്ഗീയസൈന്യങ്ങൾ അങ്ങയുടെ നാമം പ്രകീർത്തിക്കുന്നു. പരിശുദ്ധരായ ക്രോവേന്മാരോടും അരൂപികളായ സ്രാപ്പേന്മാരോടും ചേർന്ന് നാഥനായ അങ്ങേയ്ക്കു അവർ ആരാധന സമർപ്പിക്കുന്നു.

(കാർമ്മികൻ ബലിപീഠത്തിൻെറ മദ്ധ്യത്തിൽ ചുംബിക്കുന്നു. ) അനന്തരം കൈകൾ ഉയർത്തി ഉച്ചസ്വരത്തിൽ ചൊല്ലുന്നു. )

ഉയന്നസ്വരത്തിൽ ഇടവിടാതെ പാടിസ്തുതിച്ചുകൊണ്ടു് അവർ ഒന്നുചേർന്ന് ഉദ്ഘോഷിക്കയും ചെയ്യുന്നു.

സ: ബലവാനും കത്താവും ആയ ദൈവം പരിശുദ്ധൻ പരിശുദ്ധൻ അവിടുത്തെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. ഉന്നതങ്ങളിൽ ഓശാനാ, ദാവീദിൻെറ പുത്രനു ഓശാനാ, കർത്താവിൻെറ നാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ അനുഗ്രഹീതനാകുന്നു. ഉന്നതങ്ങളിൽ ഓശാന.

(ഇതിനിടയ്ക്ക കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.)

ദൈവമേ അങ്ങു പരിശുദ്ധനാകുന്നു. അങ്ങു മാത്രമാകുന്നു യഥാർത്ഥ പിതാവ് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല പിതൃത്വവും അങ്ങിൽ നിന്നാകുന്നു. (ബലിപീഠത്തിൻെറ മദ്ധ്യത്തിൽ മുത്തുന്നു.) നിത്യനായ പുത്രാ അങ്ങു പരിശുദ്ധനാകുന്നു, സമസ്തവും അങ്ങുവഴി സൃഷ്ടിക്കപ്പെട്ടു. (ബലിപീഠത്തിൻെറ വലത്തു വശത്തു മുത്തുന്നു.) റൂഹാദക്കുദിശായേ അങ്ങു പരിശുദ്ധനാകുന്നു, സകലവും അങ്ങു വഴി പവിത്രീകരിക്കപ്പെടുന്നു. (ബലിപീഠത്തിൻെറ ഇടത്തു വശത്തു മുത്തുന്നു.)

(കാർമ്മികൻ തുടരുന്നു.) ഹാ എനിക്കു ദുരിതം! ഞാൻ പരിഭ്രാന്തനായിരിക്കുന്നു. കാരണം, എൻെറ അധരങ്ങൾ അശുദ്ധങ്ങളാകുന്നു. അശുദ്ധമായ അധരങ്ങളുള്ളവരുടെ മദ്ധ്യേ വസിക്കുന്നവനുമാകുന്നു. ബലവാനും കർത്താവുമായ രാജാവിനെ എൻെറ നയനങ്ങൾ ദർശിച്ചു. കർത്താവിനെ ഇന്നു ഞാൻ അഭിമുഖമായി കണ്ട ഈ സ്ഥലം എത്ര ഭീതിജനകം! ഇതു് ദൈവത്തിൻെറ ഭവനമല്ലാതെ മറെറാന്നുമല്ല. കത്താവേ, അങ്ങയുടെ കൃപ ഇപ്പോൾ ഞങ്ങളുടെമേൽ ഉണ്ടാകട്ടെ. അശുദ്ധരായ ഞങ്ങളെ ശുദ്ധീകരിക്കുകയും ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമെ. എൻെറ കർത്താവേ, നിസ്സാരരായ ഞങ്ങളുടെ കീർത്തനങ്ങൾ സ്രാപ്പേന്മാരുടെയും മുഖ്യദൂതന്മാരുടെയും സ്തോത്രങ്ങളോട് ചേർക്കണമെ. ഭൂവാസികളെ സ്വർഗ്ഗവാസികളോടൊന്നിപ്പിച്ച അങ്ങയുടെ കാരുണ്യത്തിനു് സ്തുതി.

(ബലിപീഠത്തിൻെറ മദ്ധ്യത്തിൽ ചുംബിച്ചിട്ട് ചൊല്ലുന്നു.)

എൻെറ കർത്താവേ ആശീർവദിക്കണമേ. എൻെറ സഹോദരരേ, ഈ കുർബാന എൻെറ കരങ്ങൾവഴി പൂർത്തിയാകുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

മ്ശം: മിശിഹാ അങ്ങയുടെ പ്രാത്ഥന കേൾക്കട്ടെ. മിശിഹാ അങ്ങയുടെ കുർബാന സ്വീകരിക്കട്ടെ. മിശിഹാ അങ്ങയുടെ പൗരോഹിത്യത്തെ സ്വർഗ്ഗരാജ്യത്തിൽ മഹത്വപ്പെടുത്തട്ടെ. അങ്ങേയ്ക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും മിശിഹായുടെ കൃപയും അനുഗ്രഹവും പ്രത്യാശപൂർവ്വം പ്രതീക്ഷിക്കുന്ന ലോകം മുഴുവനുവേണ്ടിയും അങ്ങു് സമർപ്പിക്കുന്ന ഈ ബലിയിൽ അവിടുന്നു സംപ്രീതനാകുകയും ചെയ്യട്ടെ. എന്നേയ്ക്കും ആമ്മേൻ.

(അനന്തരം കാർമ്മികൻ ബലിപീഠം ചുംബിച്ചശേഷം താഴെവരുന്ന ഗ്ഹാന്ത ചൊല്ലുന്നു.)

എൻെറ കർത്താവേ എളിയവരും ബലഹീനരും ക്ലേശിതരുമായ ഈ ദാസരും സ്വർഗ്ഗീയ ഗണങ്ങളോടുചേർന്ന് അങ്ങയെ സ്തുതിക്കുന്നു. എന്തെന്നാൽ നന്ദി പ്രകാശിപ്പിക്കാൻ കഴിയാത്തവിധം അത്ര വലിയ അനുഗ്രഹമാണു അങ്ങു ഞങ്ങൾക്കു നൽകിയിരിക്കുന്നതു്. ഞങ്ങളുടെ കത്താവേ, ഞങ്ങളുടെ ദൈവമേ, അങ്ങയുടെ ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ അങ്ങു ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിച്ചു. അധഃപതിച്ചുപോയ ഞങ്ങളെ സമുദ്ധരിക്കുകയും എളിയവരായ ഞങ്ങളെ ഉയത്തുകയും മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു. കടങ്ങൾ പൊറുത്തു പാപികളായ ഞങ്ങളെ വിശുദ്ധീ

കരിച്ചു. ഞങ്ങളുടെ ബുദ്ധിക്ക് പ്രകാശം നൽകി. ഞങ്ങളുടെ ശത്രുക്കളെ പരാജിതരാക്കി,

ഞങ്ങളുടെ, കർത്താവേ, ദുർബലവും നിസ്സാരവുമായ സ്വഭാവത്തെ അങ്ങയുടെ സമൃദ്ധമായ അനുഗ്രഹത്താൽ മഹത്വമണിയിക്കുകയും ചെയ്തു.

ക: (സ്വരമുയർത്തി) എന്റെ കർത്താവേ, അങ്ങയുടെ പുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ അവന്റെ പീഡാനുഭവത്തിന്റെ സ്മരണ ഞങ്ങൾ ആചരിക്കുന്നു. അവൻ ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ നിർമ്മലവും വിശുദ്ധവുമായ കരങ്ങളിൽ അപ്പമെടുത്ത് (പീലാസ രണ്ടു കരങ്ങൾകൊണ്ടുമെടുത്ത് അല്പം ഉയർത്തിപ്പിടിക്കുന്നു.) സ്വർഗ്ഗത്തിലേയ്ക്ക്, തന്റെ മഹത്വപൂർണ്ണനായ പിതാവായ അങ്ങയുടെ പക്കലേയ്ക്ക്, കണ്ണുകളുയർത്തി (കണ്ണുകൾ ഉയർത്തുന്നു.) വാഴ്ത്തി † † † (അപ്പത്തിന്മേൽ മൂന്നു പ്രാവശ്യം റൂശ്മ ചെയ്യുന്നു.) വിഭജിച്ച് ശിഷ്യന്മാർക്ക് നൽകിക്കൊണ്ട് അരുൾചെയ്തു. ഇത് പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. നിങ്ങൾ എല്ലാവരും ഇതിൽനിന്ന് വാങ്ങി ഭക്ഷിക്കുവിൻ.

സ: ആമ്മേൻ.

(പീലാസ ബലിപീഠത്തിൽ വച്ചിട്ട് നന്നായി കുനിഞ്ഞ് ആചാരം ചെയ്യുന്നു. തുടർന്നു ചൊല്ലുന്നു.)

അപ്രകാരം തന്നെ കാസായുടെ മേലും (കാസായുടെ മൂടി മാററിയിട്ട് രണ്ടു കരങ്ങൾകൊണ്ടും എടുത്ത് അല്പം ഉയർത്തുന്നു.)

കൃതജ്ഞതാ സ്തോത്രം അർപ്പിച്ച് വാഴ്ത്തി † † † (മൂന്നു പ്രാവശ്യം കുരിശടയാളം വരയ്ക്കുന്നു.) അവർക്കു നൽകിക്കൊണ്ട് അരുൾചെയ്തു. ഇത് പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും പുതിയ ഉടമ്പടിയുടേതുമായ എന്റെ രക്തമാകുന്നു. നിങ്ങൾ എല്ലാവരും വാങ്ങി ഇതിൽ നിന്ന് പാനം ചെയ്യുവിൻ.

സ: ആമ്മേൻ.

(കാസ ബലിപീഠത്തിൽ വച്ചശേഷം കുനിഞ്ഞ് ആചാരം ചെയ്യുകയും കാസ മൂടുകയും ചെയ്യുന്നു. കാർമ്മികൻ താഴ്ന്ന സ്വരത്തിൽ തുടർന്നു ചൊല്ലുന്നു.)

ഞാൻ ഈ ചെയ്തത് നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ.

(കാർമ്മികൻ ശ്ഹന്ത ചൊല്ലുന്നതുപോലെ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.)

എന്റെ കർത്താവേ, എളിയവരും ബലഹീനരും ക്ലേശിതരും ദുഃഖിതരുമായ അങ്ങയുടെ ഈ ദാസരും അങ്ങയുടെ മാതൃക പരമ്പരാഗതമായി സ്വീകരിച്ചു അങ്ങയുടെ നാമത്തിൽ ഒരുമിച്ചുകൂടി ഇപ്പോൾ അങ്ങയുടെ സന്നിധിയിൽ നിൽക്കുന്നു. ഞങ്ങളുടെ നാഥനും രക്ഷകനുമായ ഈശോമിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്ക്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും മഹനീയവും ഭീതിജനകവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യത്തെ സന്തോഷത്തോടെ ഞങ്ങൾ സ്തുതിക്കുകയും

മഹത്വപ്പെടുത്തുകയും സ്മരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ നേർക്കുള്ള അങ്ങയുടെ ഈ മഹനീയവും വിസ്മയാവഹവുമായ പരിപാലനയെക്കുറിച്ച് അങ്ങയുടെ അഭിഷിക്തന്റെ അമൂല്യമായ രക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ പരസ്യമായും പ്രസന്നവദനത്തോടെയും ഞങ്ങൾ അങ്ങേയ്ക്കു കൃതജ്ഞത അർപ്പിക്കുകയും അങ്ങയെ നിരന്തരം പ്രകീർത്തിക്കുകയും ചെയ്യുന്നു. (ബലിപീഠത്തിൽ ചുംബിക്കുന്നു.)

കാ: (ഉയർന്ന സ്വരത്തിൽ) : സജീവവും പരിശുദ്ധവും ജീവദായകവുമായ അങ്ങയുടെ നാമത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. ഇപ്പോഴും † (രഹസ്യങ്ങളുടെമേൽ റൂശ്മാ ചെയ്യുന്നു.) എപ്പോഴും എന്നേയ്ക്കും

സ: ആമ്മേൻ.

മ്ശം: ഹൃദയംകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുവിൻ. സമാധാനം നിങ്ങളോടുകൂടെ.

(തുടർന്ന്) അത്യുന്നതങ്ങളിലേക്ക് കണ്ണുകൾ ഉയർത്തി ഹൃദയജ്ഞാനത്തോടെ നോക്കുവിൻ. മിശിഹായുടെ മഹനീയമായ സിംഹാസനത്തിനു മുമ്പിൽ സ്രാപ്പേന്മാർ ഭയത്തോടെ നിൽക്കുന്നു. ഇപ്പോൾ അനുഷ്ഠിക്കപ്പെടുന്നവയെക്കുറിച്ച് ധ്യാനിക്കുവിൻ. പ്രാർത്ഥിക്കുന്ന ജനത്തോടും, ലോകം മുഴുവനുംവേണ്ടി കേണപേക്ഷിച്ചുകൊണ്ട് അനുഗ്രഹം യാചിക്കുന്ന പുരോഹിതനോടും ചേർന്ന് അവരെല്ലാവരും സജ്ജമാക്കപ്പെട്ടിരിക്കുന്ന ശരീരത്തേയും കലർത്തപ്പെട്ടിരിക്കുന്ന കാസയേയും ഉച്ചസ്വരത്തിൽ പാടിസ്തുതിക്കുന്നു.

(കാർമ്മികൻ കൈകൾ വിരിച്ചുപിടിച്ച് താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.)

കർത്താവേ, ശക്തനായ ദൈവമേ, പ്രധാനാചാര്യനും സാർവ്വത്രിക സഭയുടെ തലവനും ഭരണാധികാരിയുമായ റോമിലെ മാർ (പേരു്) പാപ്പായ്ക്കുവേണ്ടിയും ഇപ്പോൾ ഞങ്ങളുടെ മേലദ്ധ്യക്ഷനായിരിക്കുന്ന ഞങ്ങളുടെ പിതാവു് മാർ (പേരു്) മെത്രാനു (മെത്രാപ്പോലീത്തായ്ക്കു) വേണ്ടിയും വിശുദ്ധ കത്തോലിക്കാസഭ മുഴുവനുവേണ്ടിയും, പുരോഹിതന്മാർ, ഭരണകർത്താക്കൾ മേലധികാരികൾ എന്നിവർക്കുവേണ്ടിയും എല്ലാ പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും വന്ദകരുടെയും ബഹുമാനത്തിനുവേണ്ടിയും അങ്ങയുടെ സന്നിധിയിൽ പ്രീതിജനകമായ വിധം വർത്തിച്ച നീതിമാന്മാരും വിശുദ്ധരുമായ എല്ലാ പിതാക്കന്മാർക്കുവേണ്ടിയും ക്ലേശിതരും ദുഃഖിതരും ദരിദ്രരും പീഡിതരും രോഗികളും ആകുലരുമായ എല്ലാവർക്കുംവേണ്ടിയും ഞങ്ങളുടെ ഇടയിൽനിന്നു് അങ്ങയുടെ നാമത്തിൽ വേർപിരിഞ്ഞുപോയ എല്ലാ മരിച്ചവർക്കുംവേണ്ടിയും അങ്ങയുടെ കാരുണ്യത്തെ പ്രത്യാശാപൂർവ്വം പ്രതീക്ഷിക്കുന്ന ഈ ജനത്തിനുവേണ്ടിയും അയോഗ്യനായ എനിക്കുവേണ്ടിയും ഈ കർബാന അങ്ങു സ്വീകരിക്കണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, അങ്ങയുടെ കാരുണ്യത്തിനും കൃപാധിക്യത്തിനും യോജിച്ചവിധം അങ്ങയുടെ ജനത്തോടും നിർഭാഗ്യനായ എന്നോടും വർത്തിക്കണമെ. എന്റെ പാപങ്ങൾക്കും തെറ്റുകൾക്കും തക്കവിധം അങ്ങു പ്രവർത്തിക്കരുതേ, പ്രത്യുത അങ്ങയുടെ കൃപയാൽ യഥാ

ത്ഥവിശ്വാസത്തോടെ ഞങ്ങൾ സ്വീകരിക്കുന്ന ഈ തിരുശ്ശരീരംവഴി ഞാനും ഇവരും കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും യോഗ്യരാകട്ടെ. ആമ്മേൻ.

(കാർമ്മികൻ ബലിപീഠത്തിന്മേൽ ചുംബിക്കുന്നു. അതിനുശേഷം തുടരുന്നു.)

എന്റെ കർത്താവേ, ആശീർവദിക്കണമേ. എന്റെ സഹോദരരേ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

മ്ശം: മിശിഹാ, അങ്ങയുടെ പ്രാർത്ഥന കേൾക്കട്ടെ. മിശിഹാ അങ്ങയുടെ കുർബാന സ്വീകരിക്കട്ടെ. മിശിഹാ അങ്ങയുടെ പൗരോഹിത്യത്തെ സ്വർഗ്ഗരാജ്യത്തിൽ മഹത്വപ്പെടുത്തട്ടെ. അങ്ങേയ്ക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും മിശിഹായുടെ കൃപയും അനുഗ്രഹവും പ്രത്യാശപൂർവ്വം പ്രതീക്ഷിക്കുന്ന ലോകം മുഴുവനുവേണ്ടിയും അങ്ങ് അർപ്പിക്കുന്ന ഈ ബലിയിൽ അവിടുന്ന് സംപ്രീതനാവുകയും ചെയ്യട്ടെ എന്നേയ്ക്കും ആമ്മേൻ.

(കാർമ്മികൻ ഗ്ഹന്താ ചൊല്ലുന്നു.)

എന്റെ കർത്താവേ അങ്ങു ഞങ്ങളെ പഠിപ്പിച്ചതുപോലെ നിർമ്മലവും വിശുദ്ധവുമായ അങ്ങയുടെ ബലിപീഠത്തിൽ അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ സ്മരണ ഞങ്ങൾ സമർപ്പിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെയും ഈ സമർപ്പണംവഴി നിന്നെ പ്രസാദിപ്പിച്ച നീതിമാന്മാരും വിശുദ്ധരുമായ പിതാക്കന്മാരുടെയും രക്ഷാകരവും പ്രസാദജനകവുമായ സ്മരണയെ അങ്ങയുടെ മഹനീയവും അവർണ്ണനീയവുമായ കൃപയാൽ അങ്ങ് സ്വീകരിക്കണമേ. ജീവിതകാലം മുഴുവൻ അങ്ങയുടെ ശാന്തിയും സമാധാനവും ഞങ്ങൾക്കു നൽകണമേ. അങ്ങനെ അങ്ങു മാത്രമാണ് യഥാർത്ഥപിതാവായ ദൈവമെന്നും അങ്ങയുടെ പ്രിയ പുത്രനായ ഈശോമിശിഹായെ അങ്ങ് അയച്ചുവെന്നും ഭൂവാസികൾ ഏവരും അറിയട്ടെ. ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാ വന്ന് ജീവദായകമായ സുവിശേഷം വഴി പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകർ, വേദപാരംഗതർ, മെത്രാന്മാർ, വൈദികർ, മ്ശംശാനാമാർ എന്നിവരുടെയും വിശുദ്ധ മാമ്മോദീസായുടെ പരിശുദ്ധവും ജീവദായകവുമായ അടയാളത്താൽ മുദ്രിതരായ † (ബലിപീഠത്തിന്മേൽ താഴെ നിന്നു മുകളിലേയ്ക്കും വലത്തുനിന്ന് ഇടത്തേയ്ക്കും കുരിശടയാളം വരയ്ക്കുന്നു.) പരിശുദ്ധ കത്തോലിക്കാസഭയുടെ സന്താനങ്ങൾ എല്ലാവരെയും നൈർമ്മല്യവും വിശുദ്ധിയും പഠിപ്പിച്ചു എന്നും അവർ അറിയട്ടെ.

(കാർമ്മികൻ ദിവ്യരഹസ്യങ്ങളിന്മേൽ ഇടതുകൈ അടിയിലും വലതുകൈ മുകളിലുമായി കുരിശാകൃതിയിൽ കമഴ്ത്തി പിടിച്ചുകൊണ്ടു ചൊല്ലുന്നു.)

എന്റെ കർത്താവേ, അങ്ങയുടെ പരിശുദ്ധാത്മാവ് എഴുന്നള്ളിവരട്ടെ.

മ്ശം: നിശ്ശബ്ദതയോടും ഭീതിയോടും കൂടി നിന്ന് പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.

കാ: (തുടരുന്നു) അങ്ങയുടെ ദാസരുടെ ഈ കർബാനയിൽ അങ്ങ് ആവസിച്ച് ഇതിനെ ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും ചെയ്യട്ടെ. എന്റെ കർത്താവേ, ഇതു് ഞങ്ങൾക്ക് കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും മരിച്ചവരിൽനിന്നുള്ള ഉയിർപ്പിലുള്ള വലിയ പ്രത്യാശയ്ക്കും അങ്ങയുടെ സന്നിധിയിൽ പ്രീതിജനകമാംവിധം വർത്തിച്ച എല്ലാവരോടും ഒന്നിച്ച് സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവനും കാരണമാകട്ടെ. (ബലിപീഠത്തിൽ ചുംബിക്കുന്നു.)

കാ: (ഉയന്ന സ്വരത്തിൽ) അങ്ങു ഞങ്ങൾക്കു നൽകിയ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി ഞങ്ങൾ അങ്ങേയ്ക്കു് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. ഇപ്പോഴും † (ദിവ്യരഹസ്യങ്ങളുടെമേൽ റൂശ്മാ ചെയ്യുന്നു) എപ്പോഴും എന്നേയ്ക്കും.

സ: ആമ്മേൻ.

(അനന്തരം കാർമ്മികൻ അല്പം കുനിഞ്ഞു താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.) സ്വർഗ്ഗവാസികളുടെ സമാധാനവും ഭൂവാസികളുടെ പ്രത്യാശയുമായ മിശിഹായേ, ലോകത്തിന്റെ നാനാഭാഗങ്ങളിലും വിശിഷ്യ, പരിശുദ്ധ കത്തോലിക്കാ സഭയിലും അങ്ങയുടെ ശാന്തിയും സമാധാനവും പുലർത്തണമേ. സഭയേയും രാഷ്ട്രത്തെയും ഐക്യത്തിൽ സംരക്ഷിക്കണമെ. ഭൂമിയുടെ അതിർത്തികളിൽ നിന്നു് യുദ്ധങ്ങൾ അകററണമേ. യുദ്ധപ്രിയരായി ഭിന്നിച്ചു നിൽക്കുന്ന ജനതകളെ ചിതറിക്കണമേ. അങ്ങനെ വിനയത്തിലും ദൈവഭയത്തിലും സമാധാനപൂർവ്വവും ശാന്തവുമായ ജീവിതം ഞങ്ങൾ നയിക്കാൻ ഇടയാകട്ടെ. ഞങ്ങൾക്കല്ല കർത്താവേ, ഞങ്ങൾക്കല്ല. അങ്ങയുടെ നാമത്തിനു് മഹത്വമുണ്ടാകട്ടെ. (നിവർന്നുനിന്നുകൊണ്ടു് തുടരുന്നു.)

ദൈവമേ അങ്ങയുടെ കരുണയ്ക്കൊത്തവിധം എന്നോടു കരുണതോന്നണമേ. അങ്ങയുടെ കാരുണ്യാതിരേകത്തിനൊത്തവിധം എന്റെ പാപങ്ങൾ മായിച്ചു കളയണമേ.

എന്റെ അപരാധങ്ങൾ നിശ്ശേഷം കഴുകിക്കളയണമേ.
എന്റെ പാപങ്ങളിൽനിന്നു് എന്നെ ശുദ്ധീകരിക്കണമേ.

എന്റെ പാപങ്ങൾ ഞാനറിയുന്നു.
അവ എപ്പോഴും എനിയ്ക്കെതിരായി നിൽക്കുന്നു.

അങ്ങേയ്ക്കു് എതിരായിട്ടാണു് ഞാൻ പാപം ചെയ്തതു്.
അങ്ങയുടെ മുൻപാകെ ഞാൻ തിന്മകൾ പ്രവർത്തിച്ചു.

എന്തെന്നാൽ അങ്ങയുടെ വചനത്തിൽ അങ്ങു നീതികരിക്കപ്പെടുകയും അങ്ങയുടെ വിധികളിൽ അങ്ങു വിജയിക്കുകയും ചെയ്യും.

എന്തെന്നാൽ പാപത്തോടെയാണു ഞാൻ പിറന്നതു്. എന്റെ ഉത്ഭവംമുതൽ ഞാൻ പാപിയാണു്.

അങ്ങാകട്ടെ സത്യത്തിൽ പ്രസാദിച്ചു. അങ്ങയുടെ വിജ്ഞാനത്തിന്റെ രഹസ്യങ്ങൾ അങ്ങ് എനിക്കു വെളിപ്പെടുത്തി.

ഈസോപ്പാകൊണ്ട് എന്നെ തളിക്കുക. അപ്പോൾ ഞാൻ നിർമ്മലനാകും.

കാ: (തുടൎന്നു ചൊല്ലുന്നു.) സ്വർഗ്ഗത്തിൽ വസിക്കുന്നവനേ, അങ്ങയുടെ പക്കലേയ്ക്കു് ഞാൻ കണ്ണുകളുയർത്തി.

സ: ദാസന്മാരുടെ കണ്ണുകൾ അവരുടെ യജമാനന്മാരുടെ പക്കലേക്ക് എന്നതുപോലെയും.

കാ: ദാസിയുടെ കണ്ണുകൾ അവളുടെ നാഥയുടെ പക്കലേക്ക് എന്നതുപോലെയും.

സ: ഞങ്ങളുടെ ദൈവമായ കർത്താവു, ഞങ്ങളുടെ മേൽ കരുണ തോന്നുവോളം ഞങ്ങളുടെ കണ്ണുകൾ അങ്ങയുടെ നേർക്കായിരിക്കും.

സ: ഞങ്ങളോടു കരുണതോന്നണമേ; കർത്താവേ ഞങ്ങളോടു കരുണ തോന്നണമേ.

(ശുശ്രൂഷകൻ ധൂപകലശം കൊണ്ടുവരുന്നു. കാർമ്മികൻ താഴെ വരുന്ന പ്രാൎത്ഥന ചൊല്ലിക്കൊണ്ട് ധൂപം ആശീർവ്വദിക്കുന്നു.)

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ശ്രേഷ്ഠ പുരോഹിതനായ അഹറോൻ താല്ക്കാലിക കൂടാരത്തിൽ അർപ്പിച്ച ധൂപംപോലെ ഞങ്ങളുടെ പ്രാൎത്ഥനകളും ധൂപവും അങ്ങയെ പ്രസാദിപ്പിക്കട്ടെ. പരിമള സസ്യങ്ങളുടെയും സുഗന്ധദ്രവ്യങ്ങളുടേയും നാഥാ, എന്നേയ്ക്കും. (കാൎമ്മികൻ കൈകൾ വിടർത്തി മ്ശംശാനയുടെ നേരെ നീട്ടുന്നു. മ്ശംശാന അവയെ ധൂപിക്കുമ്പോൾ കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.)

ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ, ഞങ്ങളുടെ അശുദ്ധിയുടെയും മാലിന്യത്തിന്റെയും ദുർഗന്ധത്തെ അങ്ങയുടെ സ്നേഹമാധുര്യത്തിന്റെ ഹൃദ്യമായ പരിമളത്താൽ സുഗന്ധപൂരിതമാക്കുകയും പാപക്കറകളിൽനിന്ന് എന്നെ ശുദ്ധീകരിക്കുകയും ചെയ്യണമേ. വഴിതെററിപ്പോയ ഞങ്ങളെ അന്വേഷിച്ചു കണ്ടെത്തിയ നല്ല ഇടയാ, ഓർക്കുന്നതും അല്ലാത്തതുമായ എന്റെ കടങ്ങളും പാപങ്ങളും എന്നോടു ക്ഷമിക്കണമേ.

(ഓർക്കുന്നതും അല്ലാത്തതും എന്നു പറയുമ്പോൾ കാർമ്മികൻ കൈകൾ നെഞ്ചിന്മേൽ കുരിശാകൃതിയിൽ ചേൎത്തുപിടിക്കുന്നു. അനന്തരം വലതുകൈ ശുശ്രൂഷകന്റെ നേരെ നീട്ടിക്കൊണ്ട് ചൊല്ലുന്നു.)

ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ, അങ്ങയുടെ മനോഹരവും വിശുദ്ധവുമായ ബലിപീഠത്തിനു മുമ്പിൽ നിൽക്കുന്ന ഈ ശുശ്രൂഷകനെ സുഗന്ധപൂരിതനാക്കണമേ.

(വലതുകൈ ജനങ്ങളുടെ നേരെ നീട്ടിക്കൊണ്ട്) ഞങ്ങളുടെ കൎത്താവേ ഞങ്ങളുടെ ദൈവമേ അങ്ങയുടെ കാരുണ്യം പ്രത്യാശപൂർവ്വം പാർത്തിരിക്കുന്ന ഈ ജനത്തെ സുഗന്ധപൂരിതരാക്കണമേ.

(ബലിപീഠത്തിലേക്ക് കൈകൾ നീട്ടിക്കൊണ്ട്) ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ ഞങ്ങളുടെ കർത്താവിന്റെ കല്ലറയുടെ സാദൃശ്യവും അവി

ടത്തെ സിംഹാസനവുമായ ഈ ബലിപീഠത്തെയും പാപമോചകങ്ങളായ അവിടത്തെ തിരുശ്ശരീരരക്തങ്ങളെയും സുഗന്ധപൂരിതമാക്കണമേ.
( കൈകഠം ഉയർത്തിപിടിച്ചുകൊണ്ട് കാർമ്മികൻ ചൊല്ലുന്നു. )

കർത്താവേ അനുഗ്രഹിക്കണമേ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ ഞങ്ങഠം അയോഗ്യരാകുന്നു. ഞങ്ങഠം തീർത്തും അയോഗ്യരാകുന്നു. എങ്കിലും സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിലേക്ക് അങ്ങയുടെ കൃപാവരം ഞങ്ങളെ അടുപ്പിക്കുന്നു.

(കരങ്ങഠം കുരിശാകൃതിയിൽ മാറോട് ചേർത്തു കാർമ്മികൻ ബലിപീഠത്തിൻെറ മദ്ധ്യത്തിലും തുടർന്നു ഇടതുവശത്തും ഒടുവിൽ വലത്തുവശത്തും ചുംബിക്കുന്നു. അനന്തരം ആചാരം ചെയ്തശേഷം പീലാസായിൽ നിന്നു ഇരു കരങ്ങഠംകൊണ്ടും ബുക്റാ എടുത്തു അല്പം ഉയർത്തിപിടിച്ച് അതിന്മേൽ നോക്കിക്കൊണ്ട് ചൊല്ലുന്നു).

ഞങ്ങളുടെ കർത്താവീശോമിശിഹായേ, അങ്ങയുടെ പരിശുദ്ധ നാമത്തിനു സ്തുതിയും നാഥനായ അങ്ങേയ്ക്ക് ആരാധനയും എപ്പോഴും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. സജീവവും ജീവദായകവുമായ ഈ അപ്പം സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിയതും ലോകത്തിനു മുഴുവൻ ജീവൻ നൽകുന്നതുമാകുന്നു. ഇതു ഭക്ഷിക്കുന്നവർ മരിക്കുകയില്ല. പ്രത്യുത ഇതു സ്വീകരിക്കുന്നവർ ഇതിനാൽ പാപമോചനവും രക്ഷയും പ്രാപിക്കുകയും നിത്യം ജീവിക്കുകയും ചെയ്യും.

സ: സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ഉന്നതത്തിൽ നിന്നു ഇറങ്ങിയ അപ്പം ഞാനാകുന്നു. സ്നേഹപൂർവ്വം സമീപിച്ച് എന്നെ സ്വീകരിക്കുന്ന എല്ലാവരും എന്നിൽ നിത്യം ജീവിക്കുകയും സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുകയും ചെയ്യും എന്ന് നമ്മുടെ രക്ഷകൻ തൻെറ ശിഷ്യന്മാരോട് ഗൂഢാർത്ഥത്തിൽ അരുഠം ചെയ്തു.

അവിടത്തെ അഭീഷ്ടം നിറവേററുന്ന ശുശ്രൂഷകരായ ക്രോവേന്മാരും സ്രാപ്പേന്മാരും മുഖ്യദൂതന്മാരും ബലിപീഠത്തിനു മുമ്പിൽ ഭയഭക്തികളോടെനിന്ന്, കടങ്ങളുടെ പൊറുതിയ്ക്കായി മിശിഹായുടെ ശരീരത്തെ വിഭജിക്കുന്ന വൈദികനെ ( മെത്രാനോ, മെത്രാപ്പോലീത്തായോ ആണെങ്കിൽ വൈദികശ്രേഷ്ഠനെന്നു ചൊല്ലണം) സൂക്ഷിച്ചുനോക്കുന്നു. അനുതാപികഠംക്കു വാതിൽ തുറന്നിട്ടിരിക്കുകയും പാപികളെ തൻെറ അടുക്കലേക്കു വിളിക്കുകയും ചെയ്യുന്ന കാരുണ്യവാനേ, നീതിയുടെ വാതിൽ ഞങ്ങഠംക്കായി തുറക്കണമേ. എൻെറ കർത്താവേ, ഞങ്ങഠം അതിൽ പ്രവേശിച്ച് രാപകൽ അങ്ങേയ്ക്കു സ്തുതിപാടുവാൻ അങ്ങയുടെ കൃപയുടെ വാതിൽ ഞങ്ങഠംക്കായി തുറക്കണമേ.

(ഈ സമയത്തു കാർമ്മികൻ ബുക്റായെ മുകളിൽനിന്നു താഴേയ്ക്കും വലത്തുനിന്നു ഇടത്തേയ്ക്കും ചുണ്ടുകഠംകൊണ്ടു സ്പർശിക്കാതെ ആംഗ്യത്തിൽമാത്രം കുരിശാകൃതിയിൽ ചുംബിക്കുന്നു. അപ്പോഠം ചൊല്ലുന്നു.)

അവർണ്ണനീയമായ അങ്ങയുടെ ദാനത്തെക്കുറിച്ച്, എൻെറ കർത്താവേ, അങ്ങേയ്ക്കു എന്നും സ്തുതി.

(കാർമ്മികൻ ബുക്റാ കയ്യിൽ എടുത്തുകൊണ്ട് തുടരുന്നു.)

എന്റെ കർത്താവേ, അങ്ങയുടെ നാമത്തിൽ യഥാർത്ഥമായി വിശ്വസിച്ചുകൊണ്ട് ഈ വിശുദ്ധരഹസ്യങ്ങളെ ഞങ്ങൾ സമീപിക്കുന്നു; അങ്ങയുടെ പ്രിയപുത്രനായ ഞങ്ങളുടെ കർത്താവീശോമിശിഹായുടെ ശരീരരക്തങ്ങളെ അങ്ങയുടെ അനുഗ്രഹത്താൽ വിഭജിക്കുകയും അങ്ങയുടെ കാരുണ്യത്താൽ മുദ്രിതമാക്കുകയും ചെയ്യുന്നു. പിതാവിന്റെയും (ബുക്റാ മുകളിൽനിന്ന് താഴോട്ട് രണ്ടു ഭാഗമായി മുറിക്കുന്നു.) പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേയ്ക്കും.

(ബുക്റായുടെ മുറിഞ്ഞ വശം കാസയുടെ നേരെ വരത്തക്കവിധം ഇടതുകയ്യിലുള്ള ഭാഗം പീലാസായിൽ വയ്ക്കുന്നു. അനന്തരം വലതുകയ്യിലുള്ള ഭാഗംകൊണ്ടു തിരുരക്തത്തെ കിഴക്കുനിന്നു പടിഞ്ഞാട്ടും വടക്കുനിന്ന് തെക്കോട്ടും റൂശ്മ ചെയ്തു കൊണ്ടുചൊല്ലുന്നു.)

നമ്മുടെ കർത്താവീശോമിശിഹായുടെ അമൂല്യമായ രക്തം അവിടുത്തെ ജീവദായകമായ ശരീരംകൊണ്ട് പിതാവിന്റെയും പുത്രന്റെയും (കിഴക്കുനിന്നു പടിഞ്ഞാട്ട്) പരിശുദ്ധാത്മാവിന്റെയും (വടക്കുനിന്നു തെക്കോട്ട്) നാമത്തിൽ † മുദ്രിതമാക്കപ്പെടുന്നു.

(അനന്തരം വലതുകയ്യിലുള്ള ഭാഗത്തിന്റെ മൂന്നിലൊന്നോളം കാസായിൽ മുക്കുന്നു. പീലാസയിൽ ഇരിക്കുന്ന ഭാഗത്തെ കൈയിൽ ഇരിക്കുന്ന ഭാഗം കൊണ്ട് മേൽവിവരിച്ചവിധം റൂശ്മാ ചെയ്തുകൊണ്ടു ചൊല്ലുന്നു.)

നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരം അവിടുത്തെ പാപവിമോചകമായ രക്തംകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ † മുദ്രിതമാക്കപ്പെടുന്നു. ആമ്മേൻ.

(കാർമ്മികൻ ഓരോ ഭാഗവും ഓരോ കയ്യിൽ എടുത്തശേഷം ഇരുഭാഗങ്ങളും കൂട്ടിച്ചേർത്തു കാസയുടെ മുകളിൽ പിടിച്ചുകൊണ്ട് ചൊല്ലുന്നു.)

സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹത്വമേറിയ ത്രിത്വത്തിന്റെ ആരാധ്യവും മഹനീയവുമായ നാമത്തിൽ വേർതിരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും പൂർണ്ണമാക്കപ്പെടുകയും പൂർത്തിയാക്കപ്പെടുകയും പരസ്പരം യോജിപ്പിക്കപ്പെടുകയും കലർത്തപ്പെടുകയും ചെയ്തിരിക്കുന്നു. എന്റെ കർത്താവേ, ഇവ ഞങ്ങൾക്ക് കടങ്ങളുടെ പൊറുതിയ്ക്കും പാപങ്ങളുടെ മോചനത്തിനും മരിച്ചവരിൽനിന്നുള്ള ഉയിർപ്പിന്റെ വലിയ പ്രത്യാശയ്ക്കും, ഉപകരിയ്ക്കട്ടെ. ഞങ്ങൾക്കും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ ഇവിടെയും മറ്റെല്ലായിടത്തുമുള്ള വിശുദ്ധസഭയ്ക്കും സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവനും കാരണമാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

(അനന്തരം രണ്ടുഭാഗങ്ങളും ഒന്നിനുമുകളിൽ മറ്റൊന്നായി കുരിശാകൃതിയിൽ പീലാസായിൽ വയ്ക്കുന്നു. അടിയിലെ ഭാഗം കാസായിലേയ്ക്കും മുകളിലത്തെ ഭാഗം കാർമ്മികനു നേരെയും തിരിഞ്ഞിരിയ്ക്കണം. കുനിഞ്ഞു് ആചാരം

ചെയ്യതിനുശേഷം കാർമ്മികൻ പെരുവിരൽകൊണ്ട് തൻെറ നെററിയിൽ കരിശ്ശുവരയ്ക്കുന്നു. റാസയിൽ കാർമ്മികൻ മ്ശംശാനന്മാർ ഓരോരുത്തരു ടെയും നെററിയിൽ കരിശടയാളം വരച്ചുകൊണ്ട് ചൊല്ലുന്നു.)

മിശിഹാ നിൻെറ ശുശ്രൂഷ സ്വീകരിക്കയും നിൻെറ മുഖം പ്രകാശമാനമാക്കയും നിൻെറ ജീവനെ സംരക്ഷിക്കയും നിൻെറസേവനത്തെ പരിപോഷിപ്പിക്കയും ചെയ്യട്ടെ.

മ്ശം: മിശിഹാ അങ്ങയുടെ കർബാന സ്വീകരിക്കട്ടെ.)

(ദിവ്യരഹസ്യങ്ങൾക്കുചുററും വച്ചിരിക്കുന്ന ശോശപ്പാ വിടത്തിവച്ചുകൊണ്ട് കാർമ്മികൻ ചൊല്ലുന്നു.)

ഞങ്ങളുടെ കർത്താവായ ഈശോമിശിഹായേ, അങ്ങേയ്ക്കു സ്തുതി. എന്തെന്നാൽ ഞാൻ അയോഗ്യനായിരുന്നിട്ടും സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ അങ്ങയുടെ രഹസ്യങ്ങളുടെ ശുശ്രൂഷകനും മദ്ധ്യസ്ഥനുമായി അങ്ങ് എന്നെ കൃപാപൂർവ്വം നിയോഗിച്ചു. അങ്ങയുടെ കൃപാവരത്താൽ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും എന്നെ യോഗ്യനാക്കണമേ. ആമ്മേൻ.

( കാർമ്മികൻ കുനിഞ്ഞ് ആചാരം ചെയ്തശേഷം കേൾക്കത്തക്ക സ്വരത്തിൽ താഴെ വരുന്ന പ്രാത്ഥന ചൊല്ലുന്നു. അപ്പോൾ സമൂഹവും പങ്കാളികളാകത്തക്ക വിധം കാമ്മികൻ തലയ്ക്കു മീതെ കൈകൾ ഉയർത്തി തൻെറമേൽത്തന്നെ കുരിശടയാളം വരയ്ക്കുന്നു.)

നമ്മുടെ കത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻെറ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും † എപ്പോഴും എന്നേയ്ക്കും.

സ: ആമ്മേൻ.

മ്ശം: നമുക്കെല്ലാവർക്കും നമ്മുടെ രക്ഷകൻെറ അമൂല്യമായ ശരീരരക്തങ്ങളുടെ രഹസ്യങ്ങളെ ഭയത്തോടും ബഹുമാനത്തോടും കൂടി സമീപിക്കാം. നിമ്മലഹൃദയത്തോടും സത്യവിശ്വാസത്തോടുംകൂടെ അവിടുത്തെ പീഡാനുഭവത്തെ സ്മരിക്കുകയും ഉത്ഥാനത്തെപ്പററി ധ്യാനിക്കുകയും ചെയ്യാം. എന്തെന്നാൽ നമുക്കുവേണ്ടി ദൈവത്തിൻെറ ഏകപുത്രൻ മനുഷ്യരിൽനിന്നു മർത്ത്യശരീരവും ധിഷണാശക്തിയുള്ളതും അമർത്ത്യവും അരൂപിയുമായ ആത്മാവും സ്വീകരിച്ചു. അവിടുത്തെ ജീവദായകമായ നിയമങ്ങളും പരിശുദ്ധമായ കല്പനകളുംവഴി ഞങ്ങളെ തിന്മയിൽനിന്ന് അകററി സത്യത്തെപ്പററിയുള്ള അറിവിലേയ്ക്ക് ആനയിച്ചു. നമ്മുടെ വംശത്തിൻെറ ആദ്യഫലമായ അവിടുന്നു നമുക്കുവേണ്ടിയുള്ള രക്ഷാകരപദ്ധതി മുഴുവൻെറയും അന്ത്യത്തിൽ കുരിശിന്മേൽ ഉയത്തപ്പെട്ടു; അവൻ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേററു സ്വർഗ്ഗത്തിലേയ്ക്ക് ആരോഹണം ചെയ്തു. നമ്മോടുള്ള അവിടുത്തെ കൃപ നാമേവരും അനുസ്മരിക്കാൻ വിശുദ്ധ രഹസ്യ

ങ്ങൾ അവിടുന്നു നമുക്കു നൽകി. ആകയാൽ പൂർണ്ണസ്നേഹത്തോടും എളിയമനസ്സോടും കൂടി നമുക്കു നിത്യജീവൻെറ ദാനം സ്വീകരിക്കുകയും നിർമ്മലമായ പ്രാർത്ഥനയും പൂർണ്ണ മനസ്താപവും വഴി സഭയുടെ രഹസ്യങ്ങളിൽ പങ്കുകൊള്ളുകയും ചെയ്യാം. അനുതാപജന്യമായ ശരണത്തോടെ അപരാധങ്ങളിൽനിന്ന് പിന്തിരിഞ്ഞുകൊണ്ടും നമ്മുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ചുകൊണ്ടും സകലത്തിൻേറയും നാഥനായ ദൈവത്തോടു കൃപയും പാപമോചനവും യാചിക്കുകയും നമ്മുടെ സഹോദരരുടെ തെറ്റുകൾ ക്ഷമിക്കുകയും ചെയ്യാം.

(മ്ശംശാന ജനങ്ങളുടെനേരെ തിരിയുന്നു.)

സ: കർത്താവേ അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.

മ്ശം: ഭിന്നതകളിലും കലഹങ്ങളിലുംനിന്ന് നമ്മുടെ മനസ്സാക്ഷിയെ ശുദ്ധീകരിക്കാം.

സ: കത്താവേ അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.

മ്ശം: വിദ്വേഷത്തിലും ശത്രുതയിലും നിന്ന് നമ്മുടെ മനസ്സാക്ഷിയെ ശുദ്ധീകരിക്കാം.

സ: കത്താവേ അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.

മ്ശം: വിശുദ്ധകുർബാന സ്വീകരിക്കുകയും പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടുകയും ചെയ്യാം.

സ: കത്താവേ അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.

മ്ശം: യോജിപ്പോടും ഐകമത്യത്തോടും പരസ്പര സൗഹാർദ്ദത്തോടുംകൂടെ വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളാം.

സ: കത്താവ അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.

മ്ശം: എൻെറ കർത്താവേ ഇവ ഞങ്ങളുടെ ശരീരങ്ങളുടെ ഉയിർപ്പിനും ആത്മാക്കളുടെ രക്ഷയ്ക്കും കാരണമാകട്ടെ.

സമൂ: നിത്യജീവനും കാരണമാകട്ടെ എന്നേയ്ക്കും ആമ്മേൻ.

(കാർമ്മികൻ തൽസമയം കൈകൾ വിരിച്ചുപിടിച്ച് താഴ്ന്ന സ്വരത്തിൽ പ്രാർത്ഥിക്കുന്നു.)

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ അങ്ങ് വാഴ്ത്തപ്പെട്ടവനാകുന്നു. അങ്ങയുടെ നാമം എന്നും സ്തുത്യർഹമാകുന്നു. എന്തെന്നാൽ ഞങ്ങളുടെ പാപങ്ങൾക്കനുസൃതമായല്ല, അങ്ങു ഞങ്ങളോടു പ്രവർത്തിച്ചതു്. പ്രത്യുത അങ്ങയുടെ ദയാധിക്യത്താൽ ഞങ്ങളെ അന്ധകാരത്തിൻെറ ശക്തികളിൽനിന്നു് രക്ഷിച്ചു. അങ്ങയുടെ വത്സലസുതനായ ഞങ്ങളുടെ കർത്താവീശോമിശിഹായുടെ രാജ്യത്തിലേയ്ക്കു് ഞങ്ങളെ ക്ഷണിച്ചു. അവിടുന്നുവഴി അങ്ങ് മരണത്തിൻെറ ശക്തിയെ ദുർബലമാക്കുകയും നശിപ്പിക്കുകയും അക്ഷയമായ ജീവൻ ഞങ്ങൾക്കു നൽകുകയും ചെയ്തു. നിർമ്മലവും പരിശുദ്ധ ഉ

മായ അങ്ങയുടെ ബലിപീഠത്തിങ്കൽ നിന്നുകൊണ്ട് ജീവദായകവും പരിശുദ്ധവുമായ ഈ ബലി അങ്ങേയ്ക്കു് അർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കിയ കർത്താവേ, പരിപൂർണ്ണമായ നിർമ്മലതയോടും വിശുദ്ധിയോടുംകൂടെ ഈ ദാനം സ്വീകരിക്കാൻ അങ്ങയുടെ കരുണയാൽ ഞങ്ങളെ യോഗ്യരാക്കണമേ ഇതു ഞങ്ങൾക്കു് ശിക്ഷാവിധിക്കു ഹേതുവാകാതെ അനുഗ്രഹത്തിനും കൃപയ്ക്കും പാപമോചനത്തിനും മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിനും നിത്യജീവനും നിദാനമാകട്ടെ. ഞങ്ങൾ എല്ലാവരും അങ്ങയുടെ മഹത്വത്തിനു് പരിപൂർണ്ണമായി സാക്ഷ്യം വഹിക്കുന്നവരും അങ്ങയുടെ നിവാസത്തിനു യോജിച്ച വിശുദ്ധാലയങ്ങളും ആകട്ടെ. മിശിഹായുടെ ശരീരരക്തങ്ങളോടു് യോജിപ്പിക്കപ്പെട്ടിരിക്കുന്ന ഞങ്ങൾ അവിടത്തെ ഉന്നതവും സ്തുത്യർഹവുമായ പ്രത്യക്ഷീകരണത്തിൽ സകല വിശുദ്ധരോടുംകൂടെ പ്രശോഭിക്കട്ടെ. അങ്ങേയ്ക്കും തിരുക്കുമാരനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും. (ഇതു ചൊല്ലിക്കഴിയുമ്പോൾ ദിവ്യകാരുണ്യം സ്വീകരിക്കുന്നവർക്കുവേണ്ടി ആവശ്യമെങ്കിൽ കാർമ്മികൻ തിരുശ്ശരീരം വിഭജിക്കുന്നു. കാറോസൂസായുടെ അവസാനത്തിൽ മ്ശംശാന ചൊല്ലുന്നു.)

നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ കുനിഞ്ഞുനിന്നു് താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു.)

എന്റെ കർത്താവേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും കാരുണ്യപൂർവ്വം ക്ഷമിക്കണമേ. അങ്ങയുടെ രാജ്യത്തിൽ അങ്ങയുടെ അത്യുന്നതമായ ദൈവത്വത്തിനു് സകല വിശുദ്ധരോടുമൊത്തു് സ്തുതിയുടെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ ഞങ്ങളുടെ അധരങ്ങളെ കാരുണ്യപൂർവ്വം പവിത്രീകരിക്കുകയും ചെയ്യണമേ.

(കാർമ്മികൻ നിവർന്നുനിന്നു് ഉയർന്നസ്വരത്തിൽ കൈകൾ വിരിച്ചു പിടിച്ചുകൊണ്ടു് പ്രാർത്ഥിക്കുന്നു.)

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ നിർമ്മലഹൃദയത്തോടും പ്രസന്നവദനത്തോടും കാരുണ്യപൂർവ്വം അങ്ങു ഞങ്ങൾക്കു നൽകിയ മനോവിശ്വാസത്തോടും കൂടെ കളങ്കരഹിതരായി അങ്ങയുടെ സന്നിധിയിൽ എപ്പോഴും നിൽക്കാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ എല്ലാവരും ഒന്നുചേർന്നു് അങ്ങയെ വിളിച്ച് ഇപ്രകാരം അപേക്ഷിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ (സമൂഹവുംകൂടി) അങ്ങയുടെ നാമം പൂജിതമാകണം. അങ്ങയുടെ രാജ്യം വരണം. അങ്ങയുടെ ഇഷ്ടം സ്വർഗ്ഗത്തിലെന്നതുപോലെ ഭൂമിയിലുമാകണം. ഞങ്ങൾക്കു് ആവശ്യമായ അപ്പം ഇന്നു ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

( കർത്താവിൻെറ തിരുനാളുകളിൽ )

എൻെറ കർത്താവേ ഞങ്ങളുടെയിടയിൽ അങ്ങയുടെ സമാധാനവും ഞങ്ങളുടെ ഹൃദയങ്ങളിൽ അങ്ങയുടെ ശാന്തിയും പുലർത്തണമേ. ഞങ്ങളുടെ നാവ് അങ്ങയുടെ സത്യം പ്രഘോഷിക്കട്ടെ. ഞങ്ങളുടെ അധരങ്ങളെ ഞങ്ങൾ പുതിയ വീണകളാക്കട്ടെ. അഗ്നിമയങ്ങളായ അധരങ്ങൾകൊണ്ട് ഞങ്ങൾ സ്തോത്രം ആലപിക്കുമ്പോൾ അങ്ങയുടെ കരിശു ഞങ്ങളുടെ ആത്മാക്കൾക്ക് രക്ഷയായിരിക്കട്ടെ. നിങ്ങൾ പ്രാൎത്ഥിക്കുമ്പോൾ ഇപ്രകാരം പ്രാൎത്ഥിക്കുകയും നന്ദിപറയുകയും ഉദ്ഘോഷിക്കുകയും ചെയ്യുവിൻ എന്ന് ഉപദേശിച്ചുകൊണ്ട് അങ്ങയുടെ രഹസ്യങ്ങൾ ഗ്രഹിച്ച അങ്ങയുടെ യഥാൎത്ഥ ശിഷ്യന്മാരെ അങ്ങയുടെ ജീവദായകമായ അധരങ്ങൾ പഠിപ്പിച്ച നിർമ്മലവും വിശുദ്ധവുമായ ഈ പ്രാർത്ഥന അങ്ങിൽനിന്നു സ്വീകരിച്ചു അതേ മനോവിശ്വാസത്തോടെ ചൊല്ലുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

സമൂ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.............(ശേഷം)

(കാർമ്മികൻ ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു.)

കർത്താവേ ശക്തനായ ദൈവമേ, ഞങ്ങളുടെ നല്ലവനായ ദൈവമേ, കൃപാപൂർണ്ണനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ അനുഗ്രഹത്തിൻെറ കാരുണ്യം ഞങ്ങൾ കേണപേക്ഷിക്കുന്നു. എൻെറ കർത്താവേ ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടനിൽനിന്നും അവൻെറ സൈന്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. എന്തെന്നാൽ സ്വർഗ്ഗത്തിലും ഭൂമിയിലും രാജ്യവും ശക്തിയും പ്രാഭവവും പ്രാബല്യവും അധികാരവും അങ്ങയുടേതാകുന്നു. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും

സമൂ: ആമ്മേൻ.

(ഇപ്പോഴും എന്നു ചൊല്ലുമ്പോൾ കാർമ്മികൻ തൻെറമേൽ തന്നെ കരിശടയാളം വരയ്ക്കുന്നു. അനന്തരം ജനങ്ങളുടെ നേരേതിരിഞ്ഞു് ആശീർവ്വദിച്ച്കൊണ്ട് ചൊല്ലുന്നു.) സമാധാനം † നിങ്ങളോടുകൂടെ.

സമൂ: അങ്ങയോടും അങ്ങയുടെ അരൂപിയോടുംകൂടെ.

(കാർമ്മികൻ അല്പം കുനിഞ്ഞു് ജനങ്ങളുടെ നേരെ കരങ്ങൾ നീട്ടിക്കൊണ്ട് ചൊല്ലുന്നു.)

എൻെറ കർത്താവേ വിശുദ്ധൎക്ക് വിശുദ്ധവസ്തു തികച്ചും ഉചിതമാകുന്നു.

സമൂ: ഏകനായ പിതാവ് പരിശുദ്ധൻ, ഏകനായ പുത്രൻ പരിശുദ്ധൻ. ഏകനായ റൂഹാ പരിശുദ്ധൻ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും എന്നേയ്ക്കും സ്തുതി. ആമ്മേൻ.

(നമ്മുടെ കർത്താവിൻെറ തിരുനാളുകളിൽ മദ്ബഹായുടെ വിരിയിടുന്നു. അനന്തരം മദ്ബഹായിലുള്ളവരും കെസ്ത്രോമായിൽ ഉള്ളവരും ഇരുഗണങ്ങളായി 'ദ്ഹിലത്ത' എന്നു് ആരംഭിക്കുന്ന കാനോനാചൊല്ലുന്നു.

മദ്ബഹായുടെ വിരി തുറക്കുന്നു. മ്ശംശാനാ അല്ലെങ്കിൽ പാട്ടുകാരിലൊരാരം മദ്ബഹായുടെ ഇടതുവശത്തുനിന്നു കൊണ്ടു ചൊല്ലുന്നു.)

സജീവനായ ദൈവത്തെ നിങ്ങരം പ്രകീർത്തിക്കുവിൻ. (ജനങ്ങരം ദിവസത്തിൻെറ 'ഉനായദ്‌വേമ', ചൊല്ലുന്നു. ഇതിനിടയ്ക്കു് കാർമ്മികൻ കുനിഞ്ഞു് ആചാരം ചെയ്തതിനുശേഷം തിരുശ്ശരീരം കരങ്ങളിൽ എടുത്തു് താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.)

കർത്താവേ, കർത്താവേ, അങ്ങയുടെ തിരുശരീരം എനിക്കു് ശിക്ഷാവിധിക്കു് ഹേതുവാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമായിത്തീരട്ടെ. (തുടരുന്നു.)

ഞങ്ങളുടെ വംശത്തിൻെറ പ്രത്യാശയും നിത്യം സകലത്തിൻെറയും നാഥനുമായ മിശിഹായേ അങ്ങയുടെ വിശുദ്ധ ശരീരത്താൽ ഞങ്ങളുടെ ശരീരങ്ങളെ പവിത്രീകരിക്കണമേ. അങ്ങയുടെ അമൂല്യമായ രക്തത്താൽ ഞങ്ങളുടെ കടങ്ങരം പൊറുക്കണമേ. അങ്ങയുടെ കൃപയുടെ സോപ്പാകൊണ്ടു് ഞങ്ങളുടെ മനസ്സാക്ഷിയെ നിർമ്മലമാക്കുകയും ചെയ്യണമേ, എന്നേയ്ക്കും.

( അനന്തരം )

കർത്താവായ മിശിഹായേ ഞാൻ അയോഗ്യനെങ്കിലും അങ്ങയുടെ അനുഗ്രഹങ്ങളുടെ നിക്ഷേപം ഞാൻ വഹിക്കുന്നു. അങ്ങയുടെ അനുഗ്രഹംവഴി ഞാൻ ദാനമായി സ്വീകരിച്ച അങ്ങയുടെ ഭീതിജനകമായ രഹസ്യത്തിൻെറ ശക്തി മാഹാത്മ്യം എന്നിൽ പ്രകടമാക്കണമേ.

(കാർമ്മികൻ സ്നേഹത്തോടും ഭയത്തോടുംകൂടെ ദിവ്യ രഹസ്യങ്ങരം ഉരംക്കൊള്ളുന്നു. കുനിഞ്ഞു് ആചാരം ചെയ്തശേഷം കാസ കരങ്ങളിൽ എടുത്തു് ചൊല്ലുന്നു.)

സ്വർഗ്ഗീയ മണവാളാ അങ്ങയുടെ വിരുന്നിനു് ക്ഷണിക്കപ്പെട്ടവക്ക് അങ്ങയുടെ അമൂല്യരക്തത്തിൻെറ കാസ അങ്ങു് സജ്ജമാക്കി

(കാർമ്മികൻ തിരുരക്തം ശ്രദ്ധാപൂർവ്വം ഉരംക്കൊള്ളുന്നു. തുടന്നു ചൊല്ലുന്നു.)

അതിൽനിന്നു പാപിയായ എന്നെയും അങ്ങു കുടിപ്പിച്ചു. അവണ്ണനീയമായ അങ്ങയുടെ സ്നേഹത്തിനു് അങ്ങേയ്ക്കു് എന്നേയ്ക്കും സ്തുതി. ആമ്മേൻ.

(കാർമ്മികൻ വിശുദ്ധ കർബാന സ്വീകരിച്ച ഉടൻതന്നെ മ്ശംശാനമാർ ബലിപീഠത്തിൻെറ വലതുവശത്തു് അദ്ദേഹത്തെ സമീപിക്കുന്നു. കത്താവിൻെറ ശരീരം നല്കുമ്പോരം ചൊല്ലുന്നു.)

നമ്മുടെ കത്താവീശോമിശിഹായുടെ ശരീരം ദൈവത്തിൻെറ മ്ശംശാനാക്കു് പാപങ്ങളുടെ മോചനത്തിനു കാരണമായിത്തീരട്ടെ.

(തിരുരക്തം നല്കുമ്പോരം ചൊല്ലുന്നു.)

നമ്മുടെ കത്താവീശോമിശിഹായുടെ അമൂല്യ രക്തം ദൈവത്തിൻെറ മ്ശംശാനായ്ക്കു് പാപങ്ങളുടെ മോചനത്തിനു കാരണമായിത്തീരട്ടെ.

(അല്ലെങ്കിൽ)

ആത്മീയ വിരുന്ന് നിത്യജീവന് കാരണമാകട്ടെ.

(അനന്തരം മ്ശംശാന കാർമ്മികനെ സമീപിച്ചുകൊണ്ട് ചൊല്ലുന്നു.)

നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ശോശപ്പയും അതിന്മേൽ ബുക്റായോടുകൂടി പീലാസായും മ്ശംശാനയുടെ കരങ്ങളിൽ വച്ചുകൊണ്ട് ചൊല്ലുന്നു.)

ദൈവകൃപ നിന്നോടും ഞങ്ങളോടും ദൈവരാജ്യത്തിൽ അവിടുത്തെ സ്വീകരിക്കുന്നവരോട് കൂടെയും ഉണ്ടായിരിക്കട്ടെ.

(അനന്തരം മററൊരു മ്ശംശാന കാർമ്മികനെ സമീപിച്ചുചൊല്ലുന്നു.)

നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

(അയാളുടെ കരങ്ങളിൽ കാസ വച്ചുകൊണ്ട് കാർമ്മികൻ ചൊല്ലുന്നു.)

പരിശുദ്ധാത്മാവിന്റെ കൃപ നിന്നോടും നാമെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

('ഉനായാദ്ബേമാ' അവസാനിക്കുമ്പോൾ കാസ വഹിക്കുന്ന മ്ശംശാനാ പറയുന്നു.)

എന്റെ കർത്താവേ ആശീർവ്വദിക്കണമേ.

(കാർമ്മികൻ ജനങ്ങളുടെ നേരെ തിരിഞ്ഞ് അവരെ ആശീർവ്വദിച്ചു കൊണ്ടു ചൊല്ലുന്നു.)

ജീവദായകനായ നമ്മുടെ കർത്താവീശോമിശിഹായുടെ കൃപാവരം കരുണാപൂർവ്വം നാമെല്ലാവരിലും † സമ്പൂർണ്ണമാകട്ടെ.

സ: എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

(പാട്ടുകാർ ദിവസത്തിന്റെ 'ഉനായ' പാടുന്നു.)

(സാധാരണ ദിവസങ്ങളിൽ)

എന്റെ സഹോദരരേ, നിങ്ങൾ പുത്രന്റെ ശരീരം സ്വീകരിക്കാനും സ്വർഗ്ഗരാജ്യത്തിൽ വിശ്വാസത്തോടെ അവിടുത്തെ കാസ പാനം ചെയ്യാനും സഭ ഉദ്ബോധിപ്പിക്കുന്നു.

(കാർമ്മികൻ ദിവ്യരഹസ്യങ്ങൾ വഹിക്കുന്ന മ്ശംശാനാമാരോടുകൂടെ മദ്ബഹായുടെ വാതിൽക്കൽ നിൽക്കുന്നു. അദ്ദേഹം പീലാസാ മ്ശംശാനയുടെ കയ്യിൽ നിന്നു വാങ്ങുകയോ അല്ലെങ്കിൽ മ്ശംശാനാ അതുപിടിച്ചുകൊണ്ടു നിൽക്കുകയോ ചെയ്യുന്നു. കാർമ്മികൻ പീലാസയിൽനിന്ന് തിരുശ്ശരീരമെടുത്തു സ്വീകരിക്കുന്ന ആളിന് നൽകിക്കൊണ്ട് ചൊല്ലുന്നു.)

നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരം ഭക്തനായ വിശ്വാസിക്ക് / ഭക്തയായ വിശ്വാസിനിക്ക് / നിർമ്മലനായ വൈദികന് / ദൈവത്തിന്റെ മ്ശംശാനായ്ക്ക് കടങ്ങളുടെ പൊറുതിയ്ക്കായി കാരണമാകട്ടെ.

(തിരുരക്തം നൽകിക്കൊണ്ട് മ്ശംശാനാ പറയുന്നു.)

നമ്മുടെ കർത്താവീശോമിശിഹായുടെ അമൂല്യരക്തം ഭക്തനായ വിശ്വാസിക്കു് / ഭക്തയായ വിശ്വാസിനിക്കു് / നിർമ്മലനായ വൈദികനു് / ദൈവത്തിന്റെ മ്ശംശാനയ്ക്കു് കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ.

(അല്ലെങ്കിൽ)

ആത്മീയ വിരുന്നു് നിത്യജീവനു കാരണമായിത്തീരട്ടെ.

(വിശുദ്ധ കുർബാന രണ്ടു് സാദൃശ്യങ്ങളിൽ വെവ്വേറെ നൽകുന്നതിന്റെ ക്രമമാണു് മുകളിൽ കൊടുത്തിരിക്കുന്നതു്. അപ്പത്തിന്റെ സാദൃശ്യത്തിൽ മാത്രമോ രണ്ടു സാദൃശ്യങ്ങളിലും ഒരുമിച്ചോ ആണു് വിശുദ്ധ കുർബാന നൽകുന്നതെങ്കിൽ താഴെവരുന്ന വിധമാണു് നൽകേണ്ടതു്. പുരോഹിതൻ തിരുരക്തം ഉൾക്കൊണ്ടു കഴിഞ്ഞു് ആചാരംചെയ്തു് ജനങ്ങളെ ആശീർവ്വദിക്കുന്നു. അപ്പോൾ ചൊല്ലുന്നു.)

ജീവദായകമായ നമ്മുടെ കർത്താവീശോമിശിഹായുടെ കൃപാവരം കരുണാപൂർവ്വം നാമെല്ലാവരിലും സമ്പൂർണ്ണമാകട്ടെ.

സ: എപ്പോഴും എന്നേയ്ക്കും ആമ്മേൻ.

മ്ശം: (സാധാരണ ദിവസങ്ങളിൽ) എന്റെ സഹോദരരേ, നിങ്ങൾ പുത്രന്റെ ശരീരം സ്വീകരിക്കാനും സ്വർഗ്ഗരാജ്യത്തിൽ വിശ്വാസത്തോടെ അവിടുത്തെ കാസ പാനം ചെയ്യാനും സഭ ഉദ്ബോധിപ്പിക്കുന്നു.

(കാർമ്മികൻ ആചാരം ചെയ്തശേഷം 'കൻകെ'യുടെ കവാടത്തിങ്കൽ ചെന്നു് വിശുദ്ധ കുർബാന നൽകിക്കൊണ്ടു് ചൊല്ലുന്നു.)

നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരവും രക്തവും കടങ്ങളുടെ പൊറുതിക്കും നിത്യജീവനും കാരണമാകട്ടെ.

(ജനങ്ങൾ വിശുദ്ധ കുർബാന സ്വീകരിച്ചുകഴിയുമ്പോൾ കാർമ്മികൻ കാസയും പീലാസായും യഥാസ്ഥാനം തിരികെ വയ്ക്കുന്നു. വിശുദ്ധ രഹസ്യങ്ങൾ ശേഷിച്ചിട്ടുണ്ടെങ്കിൽ കുനിഞ്ഞാചാരം ചെയ്തശേഷം അവ ഉൾക്കൊള്ളുന്നു. തുടർന്നു ചൊല്ലുന്നു.)

ഞങ്ങളുടെ വംശത്തിന്റെ പ്രത്യാശയും സകലത്തിന്റെയും നാഥനുമായ മിശിഹായേ, എന്റെ കർത്താവേ, ഞങ്ങൾ ഭക്ഷിച്ച അങ്ങയുടെ സജീവശരീരവും ഞങ്ങൾ പാനം ചെയ്ത അങ്ങയുടെ നിർമ്മല രക്തവും ഞങ്ങൾക്കു് ശിക്ഷയ്ക്കും വിധിക്കും അസ്വസ്ഥതയ്ക്കും രോഗത്തിനും കാരണമാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും അങ്ങയുടെ സന്നിധിയിൽ സന്തുഷ്ടിയ്ക്കും നിദാനമാകട്ടെ. ആമ്മേൻ.

(അവശേഷിച്ചിട്ടുള്ള തിരുവോസ്തികൾ സക്രാരിയിൽ വയ്ക്കുകയാണെങ്കിൽ മുകളിൽ കൊടുത്തിട്ടുള്ള പ്രാർത്ഥന ചൊല്ലേണ്ടതില്ല. കാർമ്മികൻ തെക്കു വശത്തേ ബെസ്ഗസായിലേയ്ക്കു് പോവുകയും മ്ശംശാന വീഞ്ഞും വെള്ളവും കാസായിൽ ഒഴിച്ചുകൊടുക്കുകയും ചെയ്യുന്നു. താഴെവരുന്ന പ്രാർത്ഥന ചൊല്ലിയശേഷം കാർമ്മികൻ കാസയിലുള്ള വീഞ്ഞും വെള്ളവും ഉൾക്കൊള്ളുന്നു.)

ഞങ്ങളുടെ വംശത്തിന്റെ പ്രത്യാശയായ മിശിഹായേ, അങ്ങയുടെ ശരീരം ദൃശ്യമായി സ്വീകരിച്ച ഞങ്ങളിൽ അങ്ങയുടെ ശക്തി ആന്തരികമായി വസിക്കട്ടെ. ഞങ്ങൾ ആനന്ദത്തോടെ അങ്ങയെ എതിരേല്ക്കുകയും അങ്ങയുടെ അഭീഷ്ടം

നിറവേററുന്ന നീതിമാന്മാരോടൊന്നിച്ച് അങ്ങേയ്ക്ക് വീണ്ടും വീണ്ടും സ്തോത്രം ആലപിക്കുകയും ചെയ്യട്ടെ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും. ആമ്മേൻ.

(കാസയും പീലാസയും തുടയ്ക്കുമ്പോൾ കാർമ്മികൻ ചൊല്ലുന്നു.)

ഞങ്ങളുടെ വംശത്തിന്റെ പ്രത്യാശയായ മിശിഹായേ പീലാസായിൽനിന്ന് അങ്ങയുടെ ശരീരം ഭക്ഷിക്കുകയും കാസയിൽനിന്ന് അവിടുത്തെ രക്തം പാനം ചെയ്യുകയും ചെയ്ത ഞങ്ങളെ നല്ല കള്ളനോടും അങ്ങയുടെ അഭീഷ്ടം നിറവേററുന്ന നീതിമാന്മാരോടുമൊന്നിച്ച് പറുദീസയിൽ അങ്ങയെ സ്തുതിക്കുവാൻ കർത്താവേ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും. ആമ്മേൻ.

(ഈ സമയത്തു സമൂഹം തെശ്ബോഹത്താ ചൊല്ലുന്നു ) (കർത്താവിന്റെ തിരുനാളുകളിൽ)

ഞങ്ങളുടെ കർത്താവേ കടങ്ങളുടെ പൊറുതിയ്ക്കായി വിശുദ്ധ വസ്തുവിനെ സ്വീകരിക്കുവാൻ നീട്ടിയ കരങ്ങളെ അങ്ങ് ശക്തമാക്കണമേ. ദൈവമായ അങ്ങേയ്ക്ക് എല്ലാ ദിവസവും സൽഫലങ്ങൾ സമർപ്പിക്കുവാൻ അവയെ യോഗ്യമാക്കണമേ. വിശുദ്ധ സ്ഥലത്തു സ്തോത്രമാലപിച്ച അധരങ്ങളെ സ്തുതിപാടുവാൻ അർഹമാക്കണമേ. എന്റെ കർത്താവേ, അങ്ങേ സ്തുതിയുടെ ശബ്ദം കേട്ട കാതുകൾ ഭീതിജനകമായ സ്വരം കേൾക്കാതിരിക്കട്ടെ. എന്റെ കർത്താവേ, അങ്ങയുടെ വലിയ കാരുണ്യം ദർശിച്ച കണ്ണുകൾ അങ്ങയുടെ അനുഗൃഹീതമായ പ്രത്യാശയെ വീണ്ടും ദർശിക്കട്ടെ. പരിശുദ്ധൻ എന്നുദ്ഘോഷിച്ച നാവുകളെ സത്യം പറയുവാൻ സന്നദ്ധമാക്കണമേ. ദേവാലയങ്ങളിൽ ചരിച്ച പാദങ്ങൾ പ്രകാശത്തിന്റെ സ്ഥലത്തു സഞ്ചരിക്കുവാൻ ഇടയാക്കണമേ. അങ്ങയുടെ സജീവമായ ശരീരം ഉൾക്കൊണ്ട ഞങ്ങളുടെ ശരീരങ്ങളെ നവജീവൻകൊണ്ടു നവീകരിയ്ക്കണമേ. ദൈവമായ അങ്ങയെ ആരാധിക്കുന്ന ഞങ്ങളുടെ സമൂഹത്തിനു സകല സഹായങ്ങളും സമൃദ്ധമായി നൽകണമേ. അങ്ങയുടെ മഹാസ്നേഹം ഞങ്ങളോടുകൂടി വസിക്കട്ടെ. അങ്ങേയ്ക്കു സ്തുതി സമർപ്പിക്കാൻ ആ സ്നേഹത്തിൽ ഞങ്ങൾ വളരുകയും ചെയ്യട്ടെ. ഞങ്ങൾ എവരുടെയും യാചനക്ക് അങ്ങു വാതിൽ തുറക്കണമേ. ഞങ്ങളുടെ ശുശ്രൂഷ അങ്ങയുടെ സന്നിധിയിൽ എത്തട്ടെ.

## (ഞായറാഴ്ചകളിലും ദുക്റാനകളിലും)

ഞങ്ങളുടെ കർത്താവായ ഈശോയേ, നിഷ്ഠൂരമായ മരണത്തെ തന്റെ പീഡാസഹനംവഴി ജയിച്ച ആരാധ്യനായ രാജാവേ, സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവൻ ഞങ്ങൾക്കു വാഗ്ദാനം ചെയ്ത ദൈവപുത്രാ, എല്ലാ ഉപദ്രവങ്ങളും ഞങ്ങളിൽനിന്ന് അകററുകയും ഞങ്ങളുടെ ദേശത്ത് സമാധാനവും കൃപയും വർദ്ധിപ്പിക്കുകയും ചെയ്യണമേ. അങ്ങയുടെ പ്രത്യക്ഷീകരണത്തിന്റെ നാളിൽ അങ്ങയുടെ സന്നിധിയിൽ ജീവിക്കുന്നതിനും അങ്ങയുടെ അഭീഷ്ടമനുസരിച്ച് അങ്ങയെ എതിരേല്ക്കുവാൻ പുറപ്പെടുന്നതിനും ഞങ്ങൾക്ക് ഇടവരട്ടെ. ഞങ്ങളുടെ വംശത്തിനു നൽകിയ അനുഗ്രഹത്തെക്കുറിച്ച് ഓശാന പാടി അങ്ങയുടെ നാമത്തെ ഞങ്ങൾ പ്രകീർത്തിക്കും. എന്തെന്നാൽ മനുഷ്യരായ ഞങ്ങളോട് അങ്ങു കാണിച്ച കാരുണ്യം വലുതാകുന്നു. മർത്ത്യരായ ഞങ്ങളുടെമേൽ അങ്ങയുടെ സ്നേഹം ഉദയം ചെയ്തു. അങ്ങ

യുടെ പരിഹാര പ്രവൃത്തി വഴി ഞങ്ങളുടെ കടങ്ങൾ അങ്ങ് ഉന്മൂലനം ചെയ്യു. അങ്ങയുടെ ദാനത്തെക്കുറിച്ച് അങ്ങയുടെ നാമത്തിനു സ്തുതി. കാരുണ്യപൂർവ്വം കടങ്ങൾ പൊറുക്കുന്നവനേ അങ്ങയുടെ വിശുദ്ധ സ്ഥലത്തു അങ്ങയുടെ ദാനങ്ങൾ വാഴ്ത്തപ്പെട്ടതാകുന്നു. ദൈവമായ അങ്ങയെ സ്തുതിച്ചാരാധിക്കാനും നാഥനായ അങ്ങേയ്ക്ക് സദാ സ്തോത്രം ആലപിക്കാനും അങ്ങ് കൃപാപൂർവ്വം ഞങ്ങളെ എല്ലാവരേയും യോഗ്യരാക്കണമേ. ആമ്മേൻ.

(മരിച്ചവരുടെ ദിവസങ്ങളിലും സാധാരണ ദിവസങ്ങളിലും)

എന്റെ കർത്താവേ, വിശ്വാസത്തോടെ ഞങ്ങൾ സ്വീകരിച്ച ദിവ്യരഹസ്യങ്ങൾ ഞങ്ങളുടെ കടങ്ങളുടെ പൊറുതിക്കുകാരണമായിത്തീരട്ടെ. യുഗങ്ങളുടെ രാജാവായ മിശിഹായേ, അങ്ങ് ദാസന്റേയും സ്രഷ്ടാവിന്റേയും സാദൃശ്യമാകുന്നു. അങ്ങിൽ വിശ്വസിച്ച സകലരുടേയും കറകളും കടങ്ങളും അങ്ങയുടെ ശരീരരക്തങ്ങളാൽ അങ്ങ് തുടച്ചുനീക്കുകയും ക്ഷമിക്കുകയും ചെയ്യു. അങ്ങ് പ്രത്യക്ഷനാകുമ്പോൾ മനോവിശ്വാസത്തോടെ അങ്ങയെ എതിരേൽക്കാനും സ്വർഗ്ഗീയ ഗണങ്ങളോടുകൂടി അങ്ങയെ സ്തുതിക്കാനും ഞങ്ങളെ യോഗ്യരാക്കണമേ. ആമ്മേൻ.

മ്ശം: ആകയാൽ പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ നാം ഏവരും ഒരുമിച്ചുകൂടുകയും സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിൽ പങ്കുകൊള്ളുവാൻ യോഗ്യരാക്കപ്പെടുകയും ചെയ്യു. നമുക്കെല്ലാവർക്കും ഒത്തൊരുമിച്ച് അവയുടെ ദാതാവായ ദൈവത്തിനു സ്തുതിയും കൃതജ്ഞതയും സമർപ്പിക്കാം.

സമൂ: അവിടുത്തെ അവർണ്ണനീയമായ ദാനത്തിനു എന്നേയ്ക്കും സ്തുതി.

മ്ശം: നമുക്ക് പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ബലിപീഠത്തിന്റെ മദ്ധ്യത്തിൽ നിന്നുകൊണ്ടു് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു.)

(ഞായറാഴ്ചകളിലും തിരുനാളുകളിലും)

എന്റെ കർത്താവേ, അങ്ങയുടെ മഹത്വത്തിന്റെ ഭീതിജനകമായ നാമത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുക എല്ലാ ദിവസവും ഉചിതവും എല്ലാ സമയത്തും യുക്തവും എല്ലാ നാഴികകളിലും യോഗ്യവുമാകുന്നു. എന്തെന്നാൽ, എന്റെ കർത്താവേ അരൂപികളോടുകൂടെ അങ്ങയുടെ നാമത്തെ സ്തുതിക്കാനും അങ്ങയുടെ ദാനമായ രഹസ്യങ്ങളിൽ പങ്കുകൊള്ളാനും ജീവദായകവും ദൈവികവുമായ അങ്ങയുടെ വചനങ്ങളുടെ മാധുര്യം ആസ്വദിക്കാനും അങ്ങയുടെ ഉൽകൃഷ്ടമായ ദൈവത്വത്തിനു് സ്തുതിയുടെയും കൃതജ്ഞതയുടേയും സ്തോത്രങ്ങൾ ഇടവിടാതെ ആലപിക്കുവാനും മനുഷ്യവർഗ്ഗത്തിന്റെ ബലഹീനമായ പ്രകൃതിയെ അങ്ങയുടെ കൃപയാലും അനുഗ്രഹത്താലും അങ്ങ് യോഗ്യരാക്കി. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ. കർത്താവേ ആശീർവ്വദിക്കണമേ. (തുടരുന്നു.)

സകലത്തെയും പവിത്രീകരിക്കുന്ന അമൂല്യമായ ശരീരരക്തങ്ങൾ സ്വീകരിക്കുവാൻ കൃപാപൂർവ്വം ഞങ്ങളെ യോഗ്യരാക്കിയ ദൈവവും കർത്താവും രാജാവും രക്ഷകനും ജീവദായകനുമായ മിശിഹാ ഞങ്ങളുടെ വചനങ്ങളും പ്രവൃത്തികളും വിചാരങ്ങളും വ്യാപാരങ്ങളും വഴി തന്നെ പ്രസാദിപ്പിക്കാൻ ഞങ്ങളെ അനുഗ്രഹിക്കട്ടെ. എന്റെ കർത്താവേ ഞങ്ങൾ സ്വീകരിച്ചതും സ്വീകരിക്കുന്നതുമായ ഈ അച്ചാരം അങ്ങയുടെ കൃപയാലും കാരുണ്യത്താലും ഞങ്ങൾക്ക് കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും മരിച്ചവരിൽനിന്നുള്ള ഉയിർപ്പിന്റെ വലിയ പ്രത്യാശക്കും അങ്ങയുടെ സന്നിധിയിൽ പ്രീതിജനകമാം വിധം വർത്തിച്ച എല്ലാവരോടുമൊന്നിച്ച് സ്വർഗ്ഗത്തിൽ നവമായ ജീവിനും കാരണമാകട്ടെ. എന്നേക്കും ആമ്മേൻ.

സമൂ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ .......... (ആരംഭത്തിലേപ്പോലെ)

## (സാധാരണ ദിവസങ്ങളിൽ)

കാ: എന്റെ കർത്താവേ അങ്ങയുടെ നന്മയാലും കാരുണ്യത്താലും ഞങ്ങളുടെ കടങ്ങളുടെ പൊറുതിയ്ക്കായി അങ്ങ് കൃപാപൂർവ്വം നൽകിയ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളുടെ ദാനത്തെക്കുറിച്ച് സ്തുതിയും ബഹുമാനവും സ്തോത്രവും ആരാധനയും നിരന്തരമായ കൃതജ്ഞതയും അങ്ങയുടെ ഉൽകൃഷ്ടമായ ത്രിത്വത്തിനു സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായവനേ, സകലത്തിന്റെയും നാഥാ എന്നേക്കും.

സ: ആമ്മേൻ. കർത്താവേ ആശീർവ്വദിക്കണമേ.

കാ: (തുടരുന്നു) ഞങ്ങളുടെ വംശത്തിന്റെ പ്രത്യാശയും സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ അങ്ങയുടെ രഹസ്യങ്ങൾ മൂലം ഞങ്ങളുടെ കടങ്ങളും പാപങ്ങളും മോചിക്കുന്നവനും അപരാധങ്ങൾ ഉന്മൂലനം ചെയ്യുന്നവനുമായ മിശിഹായേ അങ്ങയുടെ ആരാധ്യമായ ദാനം അങ്ങയുടെ ഉന്നതസ്ഥലത്തു വാഴ്ത്തപ്പെട്ടതാകുന്നു. എന്നേയ്ക്കും ആമ്മേൻ.

സ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ . . . . . . . . (ആരംഭത്തിലെപ്പോലെ)

(കാർമ്മികൻ മദ്ബഹായുടെ കവാടത്തിങ്കൽ വടക്കുവശത്തേക്ക് അല്പം മാറി നിന്നു താഴെവരുന്ന ഹുത്താമ്മ ഉയർന്ന സ്വരത്തിൽ ചൊല്ലി ജനങ്ങളെ ആശീർവ്വദിക്കുന്നു.)

(ഞായറാഴ്ചകളിലും, തിരുനാളുകളിലും, ദുക്റാനകളിലും)

നമ്മുടെ കർത്താവീശോമിശിഹാ തന്റെ രാജ്യത്തിലേയ്ക്കു നമ്മെ ക്ഷണിച്ചു. തന്റെ മഹത്വത്തിലേക്ക് അചഞ്ചലവും അനശ്വരവും അക്ഷയവും അഭികാമ്യവുമായ തന്റെ സൗഭാഗ്യത്തിലേക്ക് നമ്മെ വിളിക്കുകയുംചെയ്തു. അവിടുന്നു തന്റെ ജീവദായകമായ സുവിശേഷം വഴി വാഗ്ദാനം ചെയ്ത അനുഗൃഹീതരായ ശിഷ്യഗണത്തോട് അരുൾ ചെയ്തു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. അവസാന ദിവസം ഞാൻ അവനെ

ഉയർപ്പിക്കും. അവൻ ശിക്ഷാവിധിക്കു വിധേയനാവുകയില്ല. പ്രത്യുത മരണത്തിൽനിന്നു നിത്യായുസ്സിലേക്ക് പ്രവേശിക്കും''. അവിടുന്നുവഴി എല്ലാ ആദ്ധ്യാത്മിക ദാനങ്ങളും കൊണ്ട് സ്വർഗ്ഗത്തിൽ നമ്മെ അനുഗ്രഹിച്ചവൻ നമ്മുടെ സമൂഹത്തെ ആശീർവ്വദിക്കട്ടെ. നമ്മുടെ ജീവിതാവസ്ഥയെ സംരക്ഷിക്കട്ടെ. സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളിൽ സംബന്ധിക്കുകയും അവയെ അനുഭവിക്കുകയുംചെയ്ത ഈ ദൈവജനത്തെ പ്രശോഭിതമാക്കട്ടെ. കർത്താവിൻെറ കുരിശിൻെറ സജീവമായ അടയാളത്താൽ നാമെല്ലാവരും മുദ്രിതരും രഹസ്യവും പരസ്യവുമായ എല്ലാ വഞ്ചനകളിൽനിന്ന് സംരക്ഷിതരുമാകട്ടെ. ഇപ്പോഴും † എപ്പോഴും എന്നേയ്ക്കും.

സ: ആമ്മേൻ.

(സാധാരണ ദിവസങ്ങളിൽ)

സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളാൽ നാം ശുശ്രൂഷിക്കുകയും സ്തുതിക്കുകയും ബഹുമാനിക്കുകയും ചെയ്ത നമ്മുടെ കർത്താവീശോമിശിഹാ തൻെറ രാജ്യത്തിൻെറ സമുചിതമായ സ്തുതിക്കും തൻെറ പരിശുദ്ധ മാലാഖാമാരോടൊത്തുള്ള ആനന്ദത്തിനും തൻെറ സന്നിധിയിലുള്ള സന്തുഷ്ടിക്കും സ്വർഗ്ഗീയ ജറുശലേമിൽ തൻെറ വലതുഭാഗത്തുള്ള സ്ഥാനത്തിനും നമ്മെ യോഗ്യരാക്കട്ടെ. നമ്മുടെയും ലോകം മുഴുവൻെറയും തിരുസ്സഭയുടെയും അവളുടെ സന്താനങ്ങളുടെയുംമേൽ അവിടുത്തെ കൃപയും അനുഗ്രഹവും വർഷിക്കട്ടെ. ഇപ്പോഴും † എപ്പോഴും എന്നേയ്ക്കും.

സ: ആമ്മേൻ.

(വേറൊന്ന്)

തൻെറ ശരീരത്താൽ നമ്മുടെ കടങ്ങൾ പൊറുക്കുകയും തൻെറ രക്തത്താൽ നമ്മുടെ പാപങ്ങൾ തുടച്ചുനീക്കുകയും ചെയ്തവന് അവിടുത്തെ സഭയിൽ മഹത്വമുണ്ടാകട്ടെ. അവിടുത്തെ അനുഗൃഹീത ജനമേ, അവിടുത്തെ മേച്ചിൽ സ്ഥലത്തെ അജഗണമേ നിങ്ങളുടെമേൽ അവിടുന്ന് തൻെറ കൃപ വർഷിക്കട്ടെ. തൻെറ അനുഗ്രഹവും ആശീർവ്വാദവും നിങ്ങളിൽ അവിടുന്ന് വർദ്ധിപ്പിക്കട്ടെ. തൻെറ പരിപാലനയുടെ വലംകൈ നിങ്ങളുടെമേൽ അവിടുന്ന് നിഴലിപ്പിക്കയും ചെയ്യട്ടെ. ഇപ്പോഴ. † എപ്പോഴും എന്നേയ്ക്കും.

സമൂ: ആമ്മേൻ.

(മരിച്ചവർക്കുവേണ്ടിയുള്ള ഹുത്താമ്മ)

എൻെറ കർത്താവേ ഞങ്ങളുടെ പ്രാർത്ഥനയുടെ സ്വരം കേൾക്കണമേ. ഞങ്ങളുടെ യാചനകൾ അങ്ങയുടെ സന്നിധിയിൽ എത്തട്ടെ. ഞങ്ങളുടെ ബലികളും കാഴ്ചകളും സ്വീകരിച്ച് ഞങ്ങളുടെ മരിച്ചവരുടെ കടങ്ങൾ പൊറുക്കണമേ. നിഷ്കളങ്കനായ ആബേൽ അർപ്പിച്ച ആദ്യത്തെ ബലിപോലെയും, പരമാർത്ഥിയും നിർമ്മ

ലനമായ ജോബിൻെറയും കർത്താവിൽ വിശ്വസിച്ച അബ്രാഹമിൻെറയും പീഡകരം സഹിച്ച യോബിൻെറയും സത്യപ്രവാചകനായ ഏലിയായുടെയും ഭോജനശായിൽ ശ്ലീഹന്മാരുടെ ബലിപോലെയും വിധവയുടെ കൊച്ചുകാശുപോലെയും എൻെറ കർത്താവേ അങ്ങയുടെ കൃപയാൽ അങ്ങയുടെ ദാസനു് / ദാസിക്കുവേണ്ടിയുള്ള ഈ ബലി അങ്ങ് സ്വീകരിക്കണമേ. അങ്ങയുടെ ഇഷ്ടം നിറവേററിയ സകല നീതിമാരോടുകൂടെ തൻെറ രാജ്യത്തിൻെറ മണവറയ്ക്കു് അവനെ / അവളെ അർഹനാക്കുകയും / അർഹയാക്കുകയും ചെയ്യണമേ. ഞങ്ങളുടെ കർത്താവേ അവനു / അവൾക്കുവേണ്ടിയുള്ള ഈ ബലി അങ്ങ് സ്വീകരിക്കുകയും അവൻെറ / അവളുടെ കടങ്ങൾ അങ്ങു ക്ഷമിക്കുകയും മോചിക്കുകയും അവൻെറയും / അവളുടേയും അവൻെറ / അവളുടെ സ്നേഹിതരുടേയും അപരാധങ്ങൾ മായിക്കുകയും ചെയ്യണമേ. കാരുണ്യവാനായ കർത്താവേ അങ്ങയുടെ എളിയ ഈ ദാസനെ / ദാസിയെ അങ്ങയുടെ വലതുഭാഗത്ത് നീതിമാന്മാരോടുകൂടെ സ്വർഗ്ഗീയ മണവറയിൽ വസിക്കുവാൻ യോഗ്യനാക്കേണമേ / യോഗ്യയാക്കണമേ. ഇന്നുമുതൽ സ്തുത്യർഹവും ഭാഗ്യപൂർണ്ണവുമായ സ്ഥലത്ത് അവനെ / അവളെ ഓർക്കുകയും ആശ്വസിപ്പിക്കുകയും നിത്യമായ ആനന്ദിപ്പിക്കുകയും ചെയ്യണമേ. അവിടെ അവൻ / അവൾ ത്രിത്വൈകദൈവത്തിനു് സ്തോത്രവും സ്തുതിയും ബഹുമാനവും ആരാധനയും നിരന്തരം എന്നേയ്ക്കും സമർപ്പിക്കട്ടെ. ഇന്നത്തെ ഈ തിരുകർമ്മങ്ങളിൽ പങ്കുകൊണ്ട ചെറിയവരും വലിയവരും ഈ ഗായകഗണവും ദൈവാനുഗ്രഹത്താൽ പാപമോചനത്തിനു യോഗ്യരായിത്തീരട്ടെ. ഞങ്ങളുടെ കർത്താവേ, യോഗ്യതാനുസരണം ഈ സമൂഹത്തെയും ആലയത്തെയും ജനങ്ങളെയും ഞങ്ങൾ ഏവരെയും ആശീർവ്വദിക്കണമേ. ഇപ്പോഴും † എപ്പോഴും എന്നേയ്ക്കും.

സമൂ: ആമ്മേൻ.

(ഹൂത്താമ്മയ്ക്കുശേഷം മദ്ബഹായുടെ വിരിയിടുന്നു. കാർമ്മികൻ കർത്താവിൻെറ ശരീരരക്തങ്ങളിൽ ശേഷിക്കുന്നതു നേരത്തെ ഉൾക്കൊണ്ടില്ലെങ്കിൽ ബേസ്ഗായിൽ വച്ച് ഇപ്പോൾ ഉൾക്കൊള്ളുകയും തിരുപ്പാത്രങ്ങൾ വെടിപ്പാക്കുകയും ചെയ്യുന്നു. അനന്തരം കാർമ്മികനും ശുശ്രൂഷകരും സങ്കീർത്തിയിലേയ്ക്കു് പോയി തിരുവസ്ത്രങ്ങൾ മാറുന്നു.)

(അവസാനമായി, സൗകര്യമെങ്കിൽ, കാർമ്മികൻ മദ്ബഹായിലേയ്ക്കു് തിരിച്ചുവന്ന് ബലിപീഠം ചുംബിച്ചുകൊണ്ട് ചൊല്ലുന്നു.)

വിശുദ്ധീകരണത്തിൻെറ ബലിപീഠമേ സ്വസ്തി. ഞങ്ങളുടെ കർത്താവിൻെറ കബറിടമേ സ്വസ്തി. നിന്നിൽനിന്നു ഞാൻ സ്വീകരിച്ച കർബാന കടങ്ങളുടെ പൊറുതിയ്ക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ. ഇനിയൊരു കർബാന നിൻെറമേൽ അർപ്പിക്കാൻ ഞാൻ വരുമോ ഇല്ലയോ എന്ന് എനിക്കു് അറിഞ്ഞുകൂടാ.

★

അമലാ പ്രസ്സ്, പാസ്റ്ററൽ സെൻറർ, കാഞ്ഞിരപ്പള്ളി.

# സീറോ മലബാർ സഭയുടെ

# കുർബാനക്രമം

ജനുവരി 1985

Indic Digital Archive Foundation
gpura.org